www.malankaralibrary.com

Vol.9 No.3 March 2012

# കാരുണികൻ

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



www.malankaralibrary.com

**വചനബോധി:** മലങ്കര

ഏപ്രിൽ 1 ഓശാന ഞായർ; യോഹ.12:12-19 ........................................3
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. റോയി ആഞ്ഞിലിമൂട്ടിൽ

ഏപ്രിൽ 5 പെസഹാവ്യാഴം; മത്താ.26:26-30; യോഹ. 13:1-15 .................6
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. ജേക്കബ് ചാക്കോ

പെസഹാ വ്യാഴം - ആരാധന .................................................................23
ഫാ. ജോഷി കളപ്പുറമ്പത്ത്

ഏപ്രിൽ 6 ദുഃഖവെള്ളി ...................................................................................10
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. ബേബി കരിന്തോളിൽ

ഏപ്രിൽ 8 ഉയിർപ്പു ഞായർ; യോഹ. 20:1-9 ..................................................15
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. പീറ്റർ തോമസ്

ഏപ്രിൽ 15 ഞായർ; യോഹ. 20: 19-29 .............................................................20
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. ഷിബു പുളിക്കൽ

www.malankaralibrary.com



# യോഹ.12:12 - 19

ഏപ്രിൽ 1 ഓശാന ഞായർ

## ഭാഷ്യം

### I. സന്ദർഭം

പെസഹാത്തിരുന്നാൾ സമീപിച്ചപ്പോൾ (11:55) യേശു ബഥാനിയായിലേക്ക് വരുന്നു (12:1). അവിടെ ലാസറിന്റെ വീട്ടിൽ ഭക്ഷണത്തിനിടയ്ക്ക് മറിയം യേശുവിന്റെ പാദങ്ങളിൽ സുഗന്ധതൈലം പൂശുന്നു (12: 2-11). അതിനുശേഷമാണ് യേശു രാജകീയമായി ജറുസലേം ദൈവാലയത്തിൽ പ്രവേശിക്കുന്നത് (12: 12-19).

### II. പ്രമേയം

യേശുവിന്റെ ജറുസലേം പ്രവേശനമാണ് ഇവിടുത്തെ പ്രമേയം. കർത്താവിന്റെ നാമത്തിൽ വരുന്ന ഇസ്രായേലിന്റെ രാജാവായി ജനം അവനെ സ്വീകരിക്കുന്നു.

### III. സന്ദേശം

1. യേശുവിനെ സ്വീകരിക്കാൻ ജനക്കൂട്ടം വന്നതിന്റെ കാരണം അവൻ ലാസറിനെ ഉയിർപ്പിച്ചതായിരുന്നു (12:18). ലാസർ നിമിത്തം വളരെപ്പേർ യേശുവിൽ വിശ്വസിച്ചു (12:11). നിന്റെ ജീവിതവും പ്രവർത്തനവും മൂലം അനേകർ യേശുവിൽ വിശ്വസിക്കാൻ തുടങ്ങണം. അപ്പോഴാണ് നീ യഥാർത്ഥ ക്രിസ്തു ശിഷ്യനാകുന്നത്. നിന്റെ ജീവിതം യേശുവിലേക്കുള്ള കൈചൂണ്ടിയായി മാറണമെന്നു സാരം.

2. ഈന്തപ്പനയുടെ കൈകളുമായി ജനക്കൂട്ടം യേശുവിനെ എതിരേൽക്കുമ്പോൾ യേശു അതിനോട് മുഖം തിരിച്ചു നിൽക്കുകയല്ല ചെയ്യുന്നത്. മറിച്ച് ഒരു കഴുതക്കുട്ടിയെ കണ്ട് അതിന്റെ പുറത്തു കയറിയിരുന്ന് അവരുടെ ആഹ്ലാദത്തിൽ പങ്കുചേരുന്നു (12:14). അതോടൊപ്പം തന്നെക്കുറിച്ചുള്ള തിരുവെഴുത്തും അവൻ തിരിച്ചറിയുന്നു (12:15). നിന്റെ പ്രിയരുടെയും സുഹൃത്തുക്കളുടെയും സന്തോഷത്തിൽ നീ പങ്കുകാരനാവുക. ഒപ്പം, അതിന്റെയൊക്കെ പിറകിലുള്ള ദൈവനിശ്ചയത്തെയും വായിച്ചെടുക്കാൻ നിനക്കു കഴിയണം. മനുഷ്യ ന്റെ സന്തോഷങ്ങൾ ദൈവതിരുമനസ്സിനോട് ഒത്തു ചേരുന്നതിനുള്ള കണ്ണിയായി നീ മാറുമ്പോഴാണ് നീ യഥാർത്ഥ ക്രിസ്തു ശിഷ്യനാകുന്നത്.

3. ഇന്ന് നമ്മൾ ഓശാന അനുസ്മരിക്കുകയാണ് - യേശു ജറുസലേമിലേക്ക്

www.malankaralibrary.com

ആഘോഷപൂർവ്വം പ്രവേശിച്ച സംഭവം. യേശു നിന്റെ ജീവിതത്തിലേക്ക് കടന്നുവരുന്നുണ്ടോ എന്നതാണ് പ്രധാനകാര്യം? നിന്നിലേക്ക് അനുദിനം കടന്നുവരുന്ന യേശുവിനെ നീ തിരിച്ചറിയുന്നുണ്ടോ? സ്വീകരിക്കുന്നുണ്ടോ? നിന്റെ ജീവിതത്തിൽ നാഥനും രാജാവുമായി നീ അവനെ സ്വീകരിക്കുമ്പോഴേ ഓശാന നിനക്കു ഫലവത്താകുകയുള്ളൂ.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: അടയാളങ്ങൾ മൂലമുള്ള വിശ്വാസം ആഴമുള്ളതല്ല

" ഒരു ദിവസത്തേയ്ക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം! ഞാങ്ങണപോലെ തല കുനിക്കുന്നതും ചാക്കു വിരിച്ച് ചാരവും വിതറികിടക്കുന്നതും ആണോ അത്? ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താവിനു സ്വീകാര്യമായ ദിവസം എന്നും വിളിക്കുക. ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാം നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? "(എശയ്യാ - 158/6) നാല്പത് ദിവസത്തെ നോമ്പും പ്രാർത്ഥനയ്ക്കും ശേഷം ഓശാന ഞായറാഴ്ച്ചയിലേക്ക് നാം പ്രവേശിക്കുമ്പോൾ ദൈവം നമ്മോട് ചോദിക്കുന്ന ചോദ്യങ്ങളിൽ ചിലതു മാത്രമാണ് ഏശയ്യാ പ്രവാചകനിലൂടെ ചോദിക്കുന്നത്. യേശു മരുഭൂമിയിൽ 40 ദിവസം ഉപവസിച്ച് പ്രാർത്ഥിച്ചതും ജറുസലേമിലേക്കുള്ള അവന്റെ രാജകീയ പ്രവേശനവും തമ്മിൽ മൂന്നുവർഷത്തെ ഇടവേള ബൈബിളിൽ കാണുന്നു എങ്കിലും യേശുവിനെ സംബന്ധിച്ചിടത്തോളം എല്ലാം തുടർച്ചയാണ്. ഏറ്റെടുത്തത്. പൂർത്തിയാക്കണമെങ്കിൽ തടസ്സങ്ങൾ ഉണ്ടെങ്കിലും തങ്ങി നിൽക്കാതെ തുടരുമ്പോഴാണ് പൂർത്തിയാക്കൽ സംഭവിക്കുന്നത്. യേശുവിന്റെ പ്രാർത്ഥനയും ഉപവാസവും മരഭൂമിയിൽ മാത്രം സംഭവിച്ചതല്ല. അത് പരസ്യജീവിതത്തിലുടനീളം ഉണ്ടായിരുന്നു. സാത്താന്റെ അടയാളങ്ങളും അത്ഭുതങ്ങളും വെറും നിസ്സാരങ്ങൾ ആണെന്ന് തിരച്ചറിയാനും, അനേകം രോഗികൾക്ക് സൗഖ്യം നൽകി പിശാചുക്കളെ പറഞ്ഞു വിട്ടപ്പോഴും യേശു നോമ്പും പ്രാർത്ഥനയും തുടർന്നു കൊണ്ടേയിരുന്നു. അങ്ങനെയാണ് അവൻ രാജകീയ പ്രവേശനത്തിനായി ജറുസലേം കവാടത്തിൽ എത്തിച്ചേരുന്നത്. മരുഭൂമിയിലെ നോമ്പും പ്രർത്ഥനയ്ക്കും ശേഷം 3 വർഷം കൊണ്ട് അവൻ ഇസ്രായേൽക്കാരുടെ വരാനിരിക്കുന്ന രാജാവായി മാറിയിരുന്നു. അവനെ രാജാവായി എല്ലാവരും അംഗീകരിച്ചിരുന്നു അതുകൊണ്ടല്ലേ അവന് ഒരു രാജാവിന് നല്കുന്ന സ്വീകരണം നൽകിയത്. ഒരു രാഷ്ട്രീയ ഭൗമീകരാജാവിനെ മുന്നിൽ കണ്ടാണ് അവർ മിശിഹാ രാജാവെന്നനിലയിൽ ഈശോയ്ക്ക് സ്വാഗതമരുളുന്നത്. ഗലീലിയക്കാർ ഈശോയെ രാജാവാക്കാൻ ശ്രമിച്ചെങ്കിലും (യോഹ.6/15) അവിടുന്ന് ഏകാന്തതയിലേക്ക് പിൻവാങ്ങുകയാണ് അപ്പോൾ ചെയ്തത്. എന്നാൽ

www.malankaralibrary.com

തന്റെ മിശിഹാത്വത്തെ അഥവാ രാജത്വത്തെ സഖറിയായുടെ പ്രവചനത്തിന്റെ പശ്ചാത്തലത്തിൽ വെളിപ്പെടുത്താനാണ് ഈശോ ഇപ്പോൾ ആഗ്രഹിക്കുന്നത്.

ഓശാന ഞായറാഴ്ച യേശു തന്നെതന്നെ അവതരിപ്പിക്കുന്നത് കഴുതയുടെ പുറത്ത് എഴുന്നുള്ളുന്ന സമാധാനത്തിന്റെ രാജാവായിട്ടാണ്. നാട്ടുരാജാക്കന്മാരിൽ നിന്ന് തികച്ചും വ്യത്യസ്ഥൻ, കാരണം അവനറിയാമായിരുന്നു തന്റെ കൂടെ നടക്കുന്നവരും തനിക്കുവേണ്ടി ഓശാന വിളിക്കുന്നവരും താൻ ചെയ്ത അത്ഭുതങ്ങളിൽ മയങ്ങിയവരാണ്, ശിഷ്യന്മാർ പോലും. ആഘോഷയാത്ര സുഖം തരുന്നതാണ്, അത് തുടർന്നാൽ നല്ലതെന്ന് ശിഷ്യന്മാർപോലും ചിന്തിച്ചു. പക്ഷെ യേശുവിന് ദൈവം ഏല്പിച്ച ദൗത്യം ഭൗതിക സുഖങ്ങൾക്കായി ഉപേക്ഷിക്കാനാവില്ല, അതു കൂടാതെ, നോമ്പിന്റെയും ഉപവാസത്തിന്റെയും ചൂട് അവന് ഒരിക്കലും മാറിയിരുന്നില്ല. വലിയ ആഴ്ചയ്ക്കും വലിയനോമ്പിനും ഇടയ്ക്കുള്ള ഈ ആഘോഷം നമ്മളെ അനുസ്മരിക്കുന്നത് നമ്മുടെ തന്നെ വിശ്വാസ ജീവിതത്തെയാണ്. അടയാളങ്ങളും അത്ഭുതങ്ങളും മാത്രം കണ്ടുകൊണ്ട് യേശുവിനെ അനുഗമിക്കാൻ വന്നവർക്ക് കുരിശിന്റെ വഴി വേദനാജനകമാകും. അടയാളങ്ങളും അത്ഭുതങ്ങളും ചെയ്ത യേശുവിനെ അനുഭവിക്കാൻ സാധിച്ചാൽ മാത്രമേ നമ്മുടെ വിശ്വാസം ഉറപ്പിക്കാനാവൂ. അല്ലെങ്കിൽ നാമും ശിഷ്യരെപോലെ ഓശാനപാടിയ ജനത്തെപ്പോലെ 'അവനെ ക്രൂശിക്കുക' അവനെ 'എനിക്കറിയില്ല' എന്ന് വിളിച്ച് പറയും.

ആഘോഷങ്ങൾക്ക് അതിരുകളും എതിരുകളും ഇല്ലാതെയാണ് ഇന്ന് നാം ജീവിക്കുന്നത്. ദൈവം ഏല്പിച്ച ദൗത്യം മറന്ന് സുഖത്തിനും, സ്ഥാനമാനങ്ങൾക്കും വേണ്ടി വൈദീകജീവിതത്തെ ഉപയോഗിക്കുമ്പോൾ പ്രാർത്ഥന ആവശ്യമുള്ള ജനത്തിന് വേണ്ടി ക്രൂശുബലി അർപ്പിക്കുവാൻ പുരോഹിതർ ഇല്ലാതാവുന്നു. അപ്പന്റെയും അമ്മയുടെയും മുഖം മറന്ന് കുഞ്ഞുങ്ങൾ ജീവിക്കുമ്പോഴും ഏല്പിച്ച ജീവിതം നോമ്പിരുന്ന് പരിപാലിക്കാൻ മാതാപിതാക്കൾ മറന്നുപോകുമ്പോഴും ആളില്ലാതെ വരുന്നത് ക്രൂശിന്റെ വഴിയിലാണ്. ക്രൂശിന്റെ വഴിയിൽ ആളുകളുടെ എണ്ണം കൂടുമ്പോൾ കുടുംബവും, സഭയും ഇടവകയും സ്വസ്ഥമാവുന്നു. രക്ഷ എല്ലാവർക്കും വേണം. രോഗത്തിൽ നിന്ന് രക്ഷ, സാമ്പത്തിക ഭാരത്തിൽ നിന്ന് രക്ഷ, കുടുംബ പ്രശ്നങ്ങളിൽ നിന്ന് രക്ഷ, ഒറ്റപ്പെടലിൽ നിന്ന് രക്ഷ ഇങ്ങനെ വിവിധതരം രക്ഷകൾ ആഗ്രഹിച്ച് ആളുകൾ എത്തുമ്പോൾ നമ്മുടെ പള്ളിയിൽ ഇന്ന് നടക്കുന്ന ഓശാന ശുശ്രൂഷയും അന്ന് ജറുസലേമിൽ നടന്ന ഘോഷയാത്രയും ഒരുപോലാവുന്നു. കാരണം, യേശുവിന്റെ കുരിശിന്റെ വഴിയിൽ നില്ക്കാൻ ചുരുക്കം ചിലർമാത്രം. നോമ്പിന്റെയും ഉപവാസത്തിന്റെയും ശക്തി കളയാതെ വലിയയാഴ്ചയിലേക്ക് പ്രവേശിച്ച് ആഴമുള്ള വിശ്വാസത്തിന്റെ അനുഭവം തരണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ഫാ. റോയി ആഞ്ഞിലിമൂട്ടിൽ**

www.malankaralibrary.com



# മത്താ.26:26-30; യോഹ. 13:1-15

ഏപ്രിൽ 5 പെസഹാവ്യാഴം

## മത്താ.26:26-30

### ഭാഷ്യം

### I. സന്ദർഭം

മത്തായി വിവരിക്കുന്ന യേശു കഥയുടെ അവസാന ഭാഗമാണ് 26:1-28:20. ഇവിടെയാണ് യേശുവും പ്രതിയോഗികളും തമ്മിൽ തുടക്കം മുതൽ ആരംഭിച്ച സംഘർഷം മൂർധന്യത്തിലെത്തുന്നത്. സംഘർഷത്തിന്റെ ഈ ക്ലൈമാക്സിലാണ് യേശു കൊല്ലപ്പെടുന്നതും (27:45-50) ഉയിർക്കുന്നതും (28:1-10). സംഘർഷത്തിന്റെ അവസാനഘട്ടം തുടങ്ങുന്ന ഭാഗമാണ് ഇന്നത്തെ സുവിശേഷ ഭാഗം.

### II. പ്രമേയം

യേശുവിനെ ചതിയിൽ പിടികൂടി വധിക്കാൻ യൂദാനേതാക്കൾ ആലോചിക്കുന്നു (26:1-5), അവർ യൂദാസിന്റെ സഹായം തേടുന്നു (26:14-16), യേശു ശിഷ്യരോടുകൂടെ പെസഹാ ഭക്ഷണം കഴിക്കുന്നു (26:17-30). പെസഹാ ഭക്ഷണ സമയത്ത് യേശു അപ്പത്തിന്റെയും പാനപാത്രത്തിന്റെയും മേൽ വ്യാഖ്യാന വചനങ്ങൾ പറഞ്ഞ് പുതിയ ഉടമ്പടി സ്ഥാപിക്കുന്നതാണ് പ്രമേയം.

### III. സന്ദേശം

1. അപ്പം കൊടുത്തുകൊണ്ട് യേശു പറയുന്നത് "ഇത് എന്റെ ശരീരമാണ് വാങ്ങി ഭക്ഷിക്കുവിൻ" എന്നാണ് (26:26). മറ്റുള്ളവർക്ക് അപ്പം കൊടുക്കുക മനസ്സിലാക്കാവുന്ന കാര്യമാണ്. എന്നാൽ സ്വന്തം ശരീരം തന്നെ അപ്പമായി നൽകുക അസാധാരണമാണ്. മറ്റുള്ളവരുടെ ജീവനും വളർച്ചക്കും നിന്റെ ജീവിതം നിദാനമാകുന്നിടത്താണ് നീ മറ്റുള്ളവർക്ക് അപ്പമായി മാറുന്നത്. കുടുംബത്തിൽ സംഭവിക്കുന്നത് ഇതാണ് - അപ്പന്റെയും അമ്മയുടെയും ശരീരവും ജീവിതവും കൊണ്ടാണ് മക്കളിൽ ജീവൻ ഉരുവാകുന്നതും അത് പരിപോഷിതമാകുന്നതും. ജീവിതപങ്കാളികളുടെ കാര്യത്തിലും ഇതു സത്യമാണ്- പരസ്പരം ശരീരങ്ങൾ കൊടുക്കുമ്പോഴാണ് അവരിൽ ജീവനുണ്ടാകുന്നതും അത് സജീവമാകുന്നതും.

2. കാസ കൊടുത്തുകൊണ്ട് യേശു പറയുന്നത്, അനേകരുടെ പാപ മോചനത്തിനായി ചിന്തപ്പെടുന്ന രക്തമെന്നാണ് (26:28). മറ്റുള്ളവരുടെ വിടു

www.malankaralibrary.com

തലിനും, ക്ഷേമത്തിനുമായി രക്തം ചിന്തി മരിക്കുക എന്നാണ് ഇതിനർത്ഥം. മറ്റുള്ളവരുടെ വിടുതലിനും, സ്വാതന്ത്ര്യത്തിനും, ക്ഷേമത്തിനുമായി സഹിക്കാനും നഷ്ടം വരിക്കാനും തയ്യാറാകുകയാണ് ക്രിസ്തുശിഷ്യന്റെ ധർമ്മം. യേശുവിന്റെ ശരീരവും രക്തവും സ്വീകരിക്കുന്ന ക്രിസ്തുശിഷ്യരൊക്കെ ഏറ്റെടുക്കുന്നത് ഈ ധർമ്മമാണ്.

3. പെസഹാ ഭക്ഷണത്തിന്റെ സമയത്താണ് യേശു പരിശുദ്ധ കുർബാന സ്ഥാപിക്കുന്നത്. പിറ്റേ ദിവസം നടക്കാനിരിക്കുന്ന കുരിശുമരണത്തെയാണ് അപ്പത്തിന്റെയും വീഞ്ഞിന്റെയും പ്രതീകങ്ങളിലൂടെ യേശു മുൻകൂട്ടി അവതരിപ്പിക്കുന്നത്. അങ്ങനെ അവൻ ശിഷ്യരെ തന്റെ മരണത്തിൽ പങ്കുപറ്റിച്ചു. കുർബ്ബാനയിൽ പങ്കെടുക്കുന്ന ക്രിസ്തുശിഷ്യരൊക്കെ യേശുവിന്റെ മരണത്തിലാണ് ഇന്നും പങ്കുപറ്റുന്നത് (1 കോറി 11:26). അങ്ങനെയെങ്കിൽ കുർബാനയിൽ പങ്കെടുക്കുമ്പോഴെല്ലാം മറ്റുള്ളവർക്കായി ജീവിക്കാനും മരിക്കാനുമുള്ള ധർമ്മമാണ് നാം ഏറ്റെടുക്കുന്നത് – യേശുവിനെ അനുകരിച്ച് പരോന്മുഖരായി ജീവിക്കാനുള്ള ധർമം.

# യോഹ. 13:1-15

## I. സന്ദർഭം

യോഹന്നാന്റെ സുവിശേഷത്തിന്റെ രണ്ടാംഭാഗമായ മഹത്വത്തിന്റെ പുസ്തകം 13 മുതൽ 20വരെയുള്ള അധ്യായങ്ങളാണ്. ഇതിന് മൂന്ന് ഭാഗങ്ങളുണ്ട്. അന്ത്യപ്രഭാഷണം (13–17), പീഡാനുഭവവിവരണം (18–17), ഉത്ഥിതന്റെ പ്രത്യക്ഷീകരണങ്ങൾ (20–21). അന്ത്യപ്രഭാഷണത്തിന്റെ തുടക്കമാണ് ഇന്നത്തെ വചനഭാഗം.

## II. പ്രമേയം

യേശു ശിഷ്യരുടെ പാദം കഴുകുന്നതും (13:1–11) അതിനെ തുടർന്ന് അവൻ അവർക്ക് കൊടുക്കുന്ന ഉപദേശവുമാണ് വചനദാഹം (13:12–15). സമയം (മണിക്കൂർ) ആയെന്നാണ് യേശു പറയുന്നത് (13:1). 'സമയം'എന്നാൽ യേശുവിന്റെ പീഡാനുഭവത്തിനും മരണത്തിനും ഉത്ഥാനത്തിനുമുള്ള സമയം. സ്നേഹത്തിന്റെ ഏറ്റവും വലിയ വെളിപ്പെടുത്തലിനുള്ള സമയമാണിത്.

## III. സന്ദേശം

1. കാലു കഴുകാൻ തടസ്സം നിൽക്കുന്ന പത്രോസിനോട് യേശു പറയുന്നത്, "ഞാൻ ചെയ്യുന്നതെന്തെന്ന് ഇപ്പോൾ നീ അറിയുന്നില്ല" എന്നാണ് (13:7). നിന്റെ കാര്യത്തിലും ഇതു തന്നെയാണ് സത്യം. തമ്പുരാൻ നിന്റെ ജീവിതത്തിൽ ചെയ്യുന്ന പലതിന്റെയും അർത്ഥം ഇപ്പോൾ നിനക്ക് മനസ്സിലായെന്നുവരില്ല. അതുകൊണ്ട് നിനക്ക് മനസ്സിലാകാതിരിക്കുന്നതിനോടൊക്കെ നീ

www.malankaralibrary.com

എതിർത്തു നിൽക്കരുത്; ദൈവത്തിന്റെ പ്രവൃത്തികൾക്ക് നീ തടസ്സം നിൽക്കരുത്. പകരം അവയെ മനസ്സിലാക്കാനുള്ള പരിശ്രമവും അന്വേഷണവും തുടരുകയാണ് ആവശ്യം. അതിലൂടെ ദൈവിക പ്രവർത്തനങ്ങളുടെ സഹകാരിയും പങ്കാളിയുമാകാൻ നിനക്കു പറ്റും.

2. തനിക്ക് സ്വന്തമായുള്ളവരെ യേശു സ്നേഹിച്ചു എന്നാണ് യോഹന്നാൻ പറയുന്നത് (13:1). നിനക്ക് സ്വന്തമായി ദൈവം നിനക്കു തന്നവരുണ്ട്. അവരെ നീ തിരിച്ചറിയുക. അവരെ സ്നേഹിക്കുക. ഇതാണ് നിന്റെ ജീവിതദൗത്യം. ദൈവം നിനക്കായി തന്നിരിക്കുന്നവരെ സ്നേഹിക്കുകയും അവർക്കായി ജീവിതം അർപ്പിക്കുകയും ചെയ്യുന്നിടത്താണ് നിന്റെ ജീവിതം അർത്ഥപൂർണ്ണമാകുന്നത്; സന്തോഷകരമാകുന്നത്.

3. യേശു പത്രോസിനോട് പറയുന്നത് ശ്രദ്ധിക്കണം: "ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല" (13:9). അതായത് പരസ്പരം പങ്കുണ്ടാകാനും, ബന്ധമുണ്ടാകാനുമുള്ള വഴിയാണ് കാലുകഴുകൽ എന്നർത്ഥം. നീ സ്നേഹിക്കുകയും ബന്ധത്തിലാകുകയും ചെയ്യുന്നവരുടെ പാദം കഴുകാനും, അവരുടെ മുമ്പിൽ എളിമപ്പെടാനും നീ തയ്യാറാകമെന്നു സാരം. എളിമയോടെ കൊടുക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നിടത്താണ് പരസ്പരബന്ധം മൊട്ടിട്ടു വളരുന്നത്.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: വിശപ്പറിഞ്ഞ് വിളമ്പുക

പ്രൊവിൻഷ്യാളമ്മ നേഴ്സറിസ്കൂൾ സന്ദർശിക്കാൻ ചെന്നതായിരുന്നു. കുട്ടികളെല്ലാം ഓടി അടുത്തുകൂടി. എല്ലാവർക്കും സന്തോഷം- പുതിയൊരു ടീച്ചറെക്കൂടി കിട്ടിയല്ലോ.

പ്രൊവിൻഷ്യാളമ്മ മിഠായി വിതരണം ചെയ്യാൻ തുടങ്ങി. എല്ലാവർക്കും ഈരണ്ടെണ്ണം വീതം. രണ്ടെണ്ണം കിട്ടിയിട്ടും മിഠായി തിന്നാതെ നിൽക്കുന്നവനെ കണ്ട് സിസ്റ്റർ ചോദിച്ചു; "മോനെന്താ മിഠായി തിന്നാത്തത്?"

"വീട്ടിൽ ചെന്നിട്ടു തിന്നാനാ. ഒരെണ്ണം അനിയനും കൊടുക്കണം".

അഞ്ചുവയസ്സുകാരന്റെ സ്നേഹവും കരുതലും! മുതിർന്നവർക്ക് കൂടി പ്രചോദനമാകേണ്ടതാണ്.

ഇന്ന് പെസഹാവ്യാഴമാണ്. യേശുവിന്റെ ജീവിതത്തിലെ രണ്ട് പ്രധാന സംഭവങ്ങളെയാണ് നാമിന്ന് ഓർക്കുന്നത്- അന്ത്യത്താഴവും കാലുകഴുകലും. രണ്ടിന്റെയും ഹൃദയം ഒന്നുതന്നെയായിരുന്നു- കൊടുക്കുന്ന സ്നേഹം. കൊടുത്ത് കൊടുത്ത് സ്വന്തം ജീവൻ പോലും കൊടുക്കുന്ന ആത്മബലിയെയാണ് യേശു അന്ത്യഅത്താഴത്തിൽ അവതരിപ്പിച്ചത്. മറ്റതിൽ, പരസ്പരം പാദം കഴുകുന്ന ശുശ്രൂഷാഭാവം വളർത്തിയെ ടുക്കണമെന്ന നിർദ്ദേശവും.

പഴയൊരു കഥ പറയാം. ഒരു തൊപ്പിക്കച്ചവടക്കാരൻ. തൊപ്പിവിറ്റായിരുന്നു അയാൾ കുടുംബം പുലർത്തിയിരുന്നത്. ഒരു ദിവസം കച്ചവടം കഴിഞ്ഞു

www.malankaralibrary.com

മടങ്ങിവരുന്ന വഴി. ക്ഷീണിച്ചതിനാൽ ഒരു മരത്തണലിൽ വിശ്രമിക്കാനിരുന്നു. പെട്ടെന്നയാൾ ഉറങ്ങിപ്പോയി. എത്രനേരം ഉറങ്ങിയെന്നറിയില്ല. ഉറക്കം തെളിഞ്ഞപ്പോൾ തൊപ്പിക്കൂടയിൽ തൊപ്പിയൊന്നുമില്ല. എല്ലാ തൊപ്പികളും ആരോ അടിച്ചുമാറ്റിയിരിക്കുന്നു. സങ്കടത്തോടെ മുകളിലേക്ക് നോക്കിയപ്പോൾ മരത്തിന്റെ ശിഖരം നിറയെ കുരങ്ങന്മാർ. എല്ലാവരുടെയും തലയിൽ ഓരോ തൊപ്പിയും. അയാൾക്കാകെ സങ്കടവും അരിശവും വന്നു. എന്തു ചെയ്യണമെന്നറിയാതെ നിന്നപ്പോഴാണ് സ്വന്തം തലയിലെ തൊപ്പിയെക്കുറിച്ച് അയാൾ ഓർത്തത്. പെട്ടെന്നയാൾ തൊപ്പി തലയിൽ നിന്നും എടുത്തു. കുരങ്ങന്മാരും അങ്ങനെ തന്നെ ചെയ്തു. എന്നിട്ട് സർവ്വശക്തിയും ഉപയോഗിച്ച് തൊപ്പി കുരങ്ങന്മാരുടെ നേർക്ക് വലിച്ചെറിഞ്ഞു. അവരും അങ്ങനെ തന്നെ ചെയ്തു. ഫലമോ?

കൊടുക്കുക; കൊടുത്താൽ അതിലും കൂടുതലായി തിരിച്ചു കിട്ടുമെന്നത് ലളിതമായ ജീവിത തത്വമാണ്. നമ്മുടെ വീട്ടിലും, സ്നേഹബന്ധങ്ങളിലും, മക്കളെ വളർത്തുന്നതിലുമൊക്കെ നമ്മൾ ജീവിച്ചു പോരുന്ന തത്വമാണിത്. സ്നേഹിക്കുന്നവർക്ക് എത്ര കൊടുക്കാനും നമുക്ക് സന്തോഷമേയുള്ളൂ. അഞ്ചുവയസ്സുകാരൻ അനുജനായി മിഠായി സൂക്ഷിച്ചുവച്ചത് അതുകൊണ്ടാണ്. മക്കൾക്ക് വേണ്ടി സമയവും ആരോഗ്യവും വ്യയം ചെയ്യുന്നവരാണ് മാതാപിതാക്കളെല്ലാവരും.

സ്നേഹത്തിന്റെ ഈ ജീവിത നിയമത്തെ അതിന്റെ കൊടുമുടിയിലേക്ക് വളർത്തിയെടുക്കുക മാത്രമാണ് ഈശോ ചെയ്യുന്നത്. കൊടുക്കുക. സ്വത്തും സമയവും കൊടുത്തതിനുശേഷം സ്വന്തം ജീവൻപോലും കൊടുക്കുന്നതിലാണ് ഏറ്റവും വലിയ സ്നേഹം അടങ്ങിയിരിക്കുന്നതെന്നാണ് യേശുപാഠം. അവന്റെ ജീവിതത്തിന്റെ കൊടുമുടി തന്നെ അത്തരമൊരു കൊടുക്കലായിരുന്നു – കുരിശുമരണത്തിൽ. അതിനെയവൻ പ്രതീകമായി അവതരിപ്പിച്ചപ്പോൾ അത് അന്ത്യഅത്താഴമായി. നാമതിനെ കൂദാശയാക്കിയപ്പോൾ അത് കുർബാനയായി.

ആവശ്യമുള്ളത് എന്തെന്നറിഞ്ഞ് കൊടുക്കുന്നതാണ് പ്രധാനം. കൂടെയുള്ളവരുടെ ആവശ്യങ്ങളിലേക്ക് കണ്ണും ഹൃദയവും തുറന്നു പിടിക്കാൻ നമുക്ക് കഴിയണം. ആവശ്യമെന്തെന്ന് തിരിച്ചറിഞ്ഞിട്ട് അത് കൊടുക്കാനാകണം.

കരുതലും സംരക്ഷണവും ആവശ്യമുള്ളവൾക്ക് കരുതലും സംരക്ഷണവും; ക്ഷമയും വിട്ടുവീഴ്ചയും കൊതിക്കുന്നവൾക്ക് അത്, കരുണയും അനുകമ്പയും പ്രതീക്ഷിക്കുമ്പോൾ അത്, പ്രോത്സാഹനവും അഭിനന്ദനവും ആവശ്യമാകുമ്പോൾ അത്. കൂടെയുള്ളവന്റെ ആവശ്യമറിഞ്ഞ് കൊടുക്കുമ്പോഴാണ് നമ്മൾ കുർബാനയായി മാറുന്നത്. വിശപ്പറിഞ്ഞ് വിളമ്പണമെന്നു സാരം. വിശപ്പറിഞ്ഞ് വിളമ്പാനുള്ള വിളിയാണ് പെസഹാവ്യാഴാഴ്ച യേശു നമ്മുടെ മുമ്പിൽ വയ്ക്കുന്നത്.

**ഫാ. ജേക്കബ് ചാക്കോ**

www.malankaralibrary.com



# ദുഃഖവെള്ളി

ഏപ്രിൽ 6

## ഭാഷ്യം

### I. പ്രമേയം

യേശുവിന്റെ പീഡാസഹനവും മരണവുമാണ് ഇന്ന് ധ്യാനവിഷയമാകുന്ന പ്രമേയങ്ങൾ. യേശുവിന്റെ കുരിശുമരണത്തിന്റെ സവിശേഷത അത് അനേകർക്കുവേണ്ടി ചിന്തപ്പെട്ട രക്തമായിരുന്നു എന്നതാണ് (മർക്കോ 14:24); അനേകരുടെ മോചനദ്രവ്യമായി അർപ്പിക്കപ്പെട്ട ജീവിതമായിരുന്നു അത് എന്നതാണ് (മർക്കോ 10:45).

### II. സന്ദേശം

സമാന്തര സുവിശേഷങ്ങളും യോഹന്നാനും വിവരിക്കുന്ന യേശുവിന്റെ കുരിശുമരണം പകർന്നു തരുന്ന പ്രധാന സന്ദേശങ്ങൾ ഏതൊക്കെയാണ്?

1. കുരിശിൽ തറക്കപ്പെട്ട യേശുവിന്റെ പ്രതികരണമാണ് ഏറ്റവും ശ്രദ്ധേയം. അവൻ പറഞ്ഞു: "പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" (ലൂക്കാ 23:34). തന്നെ കൊലപ്പെടുത്തുന്നവരോടുള്ള യേശുവിന്റെ പ്രതികരണമാണിത്. ഹൃദയത്തിൽ നിറയെ കരുണയും സ്നേഹവുമായിട്ടാണ് കൊല്ലപ്പെടുന്ന യേശു മരണത്തിലേക്ക് നീങ്ങുന്നത്. യേശുവിന്റെ സഹനത്തിന്റെയും, മരത്തിന്റെയും ഒരു സവിശേഷത ഇതായിരുന്നു– ആരോടും പകയും പ്രതികാരവുമില്ലാതെ അവൻ സഹിച്ചു. കരുണയോടെയും സ്നേഹത്തോടെയും തന്റെ കൊലപാതകികളോട് അവൻ പ്രതികരിച്ചു. നിന്റെ ജീവിതത്തിലെ സഹനങ്ങളേയും ക്ലേശങ്ങളേയും നീ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിന് മാതൃകയാണിത്. ഹൃദയത്തിൽ കരുണയും സ്നേഹവും നിറയുമ്പോഴാണ് നിന്റെ സഹനവും മുറിവുകളും രക്ഷാകരമായിത്തീരുന്നത്.

2. യൂദാനേതാക്കൾ യേശുവിനെ പരിഹസിക്കുന്നത് ശ്രദ്ധിക്കണം. "ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. തന്നെത്തന്നെ രക്ഷിക്കാൻ ഇവനു സാധിക്കുന്നില്ല" (മത്താ 27:42). ക്രിസ്തുവിന്റെ സ്വഭാവം തന്നെ ഇതാണ് – സ്വയം രക്ഷിക്കാതെ മറ്റുള്ളവരെ രക്ഷിക്കുന്നവൻ. അതായത്, സ്വയം അപകടപ്പെടുത്തിക്കൊണ്ട് മറ്റുള്ളവരെ രക്ഷിക്കുന്നവൻ. ക്രിസ്തുശിഷ്യരും വളർത്തിയെടുക്കേണ്ട സ്വഭാവം ഇതു തന്നെയാണ്. സ്വയം അപകടപ്പെടുത്തിക്കൊണ്ട് മറ്റുള്ളവരെ രക്ഷിക്കാൻ തയ്യാറാകുക; മറ്റുള്ളവരുടെ സന്തോഷത്തിനായി

www.malankaralibrary.com

അധ്വാനിക്കാനും ക്ലേശങ്ങൾ ഏറ്റെടുക്കാനും തയ്യാറാകുക. സ്വയം നഷ്ട പ്പെടുത്തിക്കൊണ്ട് മറ്റുള്ളവരുടെ ജീവിതം സമ്പന്നമാക്കാൻ പരിശ്രമിക്കുക.

3. യോഹന്നാൻ പറയുന്നതനുസരിച്ച്, യേശുവിന്റെ കുരിശിന്നരികെ നിൽ ക്കുന്നത് അവനെ ഏറ്റവും കൂടുതൽ സ്നേഹിച്ചവരാണ് (യോഹ. 19: 25). അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യയും, യോഹന്നാനും അക്കൂട്ടത്തിലുണ്ടായിരുന്നു. കുരിശിന്നരികെ നിൽക്കുന്നവരാണ് യഥാർത്ഥ സ്നേഹിതർ. നിന്റെ പ്രിയപ്പെട്ടവർ സഹനത്തിലും കുരിശിലുമാകുമ്പോൾ മറക്കാതിരിക്കുക– അവരുടെ കുരിശിനരികെ നിൽക്കാൻ നിനക്കു കടമയുണ്ട്. അതിലൂടെയാണ് നീ ക്രിസ്തു ശിഷ്യനായി മാറുന്നത്.

അതോടൊപ്പം നിന്റെ സ്നേഹബന്ധങ്ങളെയും നീ വളർത്തിക്കൊണ്ടു വരിക. കാരണം നിന്റെ സഹനത്തിന്റെയും കുരിശുമരണത്തിന്റെയും മുഹൂർത്തങ്ങളിൽ അവരായിരിക്കും നിനക്കു കൂട്ടുനിൽക്കാനുണ്ടാവുക. അതി നാൽ യേശുവിന്റെ കുരിശും കുരിശുമരണവും നമ്മെ ഓർമ്മപ്പെടുത്തുന്നത് ജീവിതത്തിലെ സ്നേഹത്തെക്കുറിച്ചും, സഹനനിമിഷങ്ങളിൽ പ്രിയരുടെ കുരിശിന്നരികെ നിൽക്കേണ്ട ക്രൈസ്തവധർമത്തെക്കുറിച്ചുമാണ്.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: ദുഃഖവെള്ളി

മാനവരാശിയുടെ സമഗ്രവിമോചനത്തിനുവേണ്ടിയുള്ള ക്രിസ്തുവിന്റെ സ്വയം സമർപ്പണത്തിന്റെ അനശ്വരമായ ഓർമ്മകളിലൂടെ നാം കടന്നുപോകുന്ന ദിനമാണല്ലോ ദുഃഖവെള്ളി. മണിനാദം നിലച്ച പ്രഭാതവും അലങ്കാരങ്ങളി ല്ലാത്ത അൾത്താരകളും ദുഃഖനിർഭരമായ കുരിശിന്റെ വഴികളും ദുഃഖം ഘനീഭവിച്ചു കിടക്കുന്ന പീഡാനുഭവസ്മരണകളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്ന ദിനം. അനന്തമായ പീഡനങ്ങളിലൂടെ കടന്ന് ക്രൂരമായ അവ ഗണനയുടെയും പരിഹാസങ്ങളുടെയും നടുവിൽ ഈശോ കുരിശിൽ മരിച്ച തിന്റെ ഓർമ്മകൾ നമ്മെ വല്ലാതെ വേദനിപ്പിക്കുന്നതുകൊണ്ടാവണം നാം ഈ ദിനത്തെ ദുഃഖവെള്ളി എന്ന് വിളിച്ചു തുടങ്ങിയത്. എന്നാൽ ഈശോ വേദനകളുടെ ഈ ദുരിതപർവ്വം താണ്ടി മരിച്ചത് നമ്മോടുള്ള തന്റെ സ്നേഹം പ്രകടിപ്പിക്കുവാനും നമ്മെ രക്ഷിക്കുവാനും വേണ്ടിയാണ് എന്ന തിരിച്ചറി വാണ് ഈ ദുഃഖവെള്ളി സന്തോഷവെള്ളി (Good Friday) ആക്കി മാറ്റുന്നത്. മനുഷ്യമക്കളോടുള്ള ദൈവത്തിന്റെ സ്നേഹം വലിയൊരു ദുഃഖപശ്ചാത്തല ത്തിൽ പൂർണ്ണമായും വെളിപ്പെടുത്തപ്പെട്ടതിന്റെ സന്ദേശമാണ് ഓരോ ദുഃഖവെള്ളിയും നൽകുന്നത്.

മനുഷ്യമക്കളോടുള്ള അനന്തമായ സ്നേഹം ദൈവം വെളിപ്പെടുത്തിയത് തന്റെ ഏകപുത്രനെ ലോകത്തിനു നൽകിക്കൊണ്ടാണ്. തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ. 3:16). പിതാവിന്റെ സ്നേഹത്തെ ലോകത്തിന് പകർന്നു നൽകാൻ വന്ന

www.malankaralibrary.com

പുത്രൻ കുരിശിൽ സ്വയം സമർപ്പിച്ചുകൊണ്ടാണ് ഈ സ്നേഹത്തെ വെളിപ്പെ ടുത്തിയത്. ഈ ബലിയിലൂടെ ക്രിസ്തു രണ്ട് ലക്ഷ്യങ്ങളാണ് നേടിയെടുത്തത്.

1 കുരിശിലെ തന്റെ മരണത്തിലൂടെ ക്രിസ്തു തന്റെ പിതാവിന്റെ ഹിതം അതിന്റെ പൂർണ്ണതയിൽ നിറവേറ്റി.

2 തന്റെ മരണത്തിലൂടെ ലോകത്തോടുള്ള അഗാധമായ സ്നേഹം ക്രിസ്തു വെളിപ്പെടുത്തി (യോഹ. 15:13 സ്നേഹിതനുവേണ്ടി)

ഈ രണ്ടു ലക്ഷ്യങ്ങളെയും നേടിയെടുക്കുന്നതിന് ക്രിസ്തു തിരഞ്ഞെ ടുത്തത് സഹനത്തിന്റെ പാരമ്യമായ കുരിശുമരണമാണ്. ദൈവത്തിന്റെ ഹിതം പൂർത്തിയാക്കാനും മറ്റുള്ളവരുടെ രക്ഷ സാധിക്കുന്നതിനും ഏറ്റവും സ്വീകാര്യമായ കുറുക്കുവഴി കുരിശിന്റെ വഴിയാണെന്ന് ക്രിസ്തുവിന്റെ മാതൃക പഠിപ്പിക്കുന്നു.

എന്തായിരുന്നു ക്രിസ്തുവിന്റെ സഹനത്തിന്റെ പ്രത്യേകതകൾ?

1 ക്രിസ്തു സഹിച്ചത് സ്നേഹം പ്രകടിപ്പിക്കാൻ വേണ്ടിയായിരുന്നു. സ്നേഹിതനുവേണ്ടി ജീവനർപ്പിപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല (യോഹ 15:13) എന്നരുളിചെയ്ത ഈശോ തന്റെ വചനത്തെ സ്വീകരിച്ചത് കുരിശിലെ അനന്തമായ വേദനകളെ ആലിംഗനം ചെയ്തുകൊണ്ടാണ് സ്നേഹം പ്രകടിപ്പിക്കാൻ വേണ്ടി സഹിക്കുമ്പോൾ സഹനം വളരെ നിസ്സാര മായി, സന്തോഷകരമായ ഒരു അനുഭവമായി മാറ്റുമെന്ന് നമ്മുടെ എത്രയോ അനുഭവങ്ങൾതന്നെ നമ്മെ പഠിപ്പിച്ചിരിക്കുന്നു. തനിക്ക് പരിചയമുള്ള സകലരുടെയും രോഗങ്ങൾ ദൈവത്തോട് പ്രാർത്ഥിച്ച് ഏറ്റുവാങ്ങി രോഗക്കിട ക്കയിൽ അവശയായി കിടന്ന സി. അൽഫോൻസയോട് അഭിവന്ദ്യപിതാവ് ചോദിച്ചു. “കുഞ്ഞേ നീ എന്തിനാ ഈ സഹനങ്ങളെല്ലാം ചോദിച്ചു വാങ്ങു ന്നത്”. അൽഫോൺസാ മറുപടിയായി മന്ത്രിച്ചത് ‘പിതാവേ ഞാൻ സ്നേഹി ക്കുകയാണ്’ എന്നാണ്. നമ്മോടുള്ള സ്നേഹത്തെ പ്രതി അല്പമെങ്കിലും വേദനസഹിച്ചവരെ നമ്മുടെ ഹൃദയത്തോട് എന്തുമാത്രം അടുത്താണ് നാം ചേർത്തുപിടിക്കുന്നത്. സഹനത്തിലൂടെ പ്രകടമാക്കപ്പെട്ട സ്നേഹം അന ശ്വരമായി നിലകൊള്ളുമെന്ന്, കാലാതിവർത്തിയായി തുടരുമെന്ന് ക്രിസ്തു വിന്റെ കുരിശിലെ ബലി സാക്ഷ്യ പ്പെടുത്തുന്നു.

2 ക്രിസ്തു കുരിശിലെ വേദനകളെ സന്തോഷത്തോടെ സ്വീകരിച്ചു

രക്ഷയുടെ എല്ലാ വഴികളും അടയുമ്പോൾ ഗത്യന്തരമില്ലാതെ സഹിക്കുന്ന വരാണ് നാമെല്ലാവരും അൽഫോൻസാമ്മയെപ്പോലെ സഹനങ്ങൾ ചോദിച്ചു വാങ്ങുക നമുക്കത്ര എളുപ്പമല്ല എന്നതും സത്യം. ഗത്യന്തരമില്ലാതെ വേദനകളോടും സഹനങ്ങളോടും നമ്മൾ അഡ്ജസ്റ്റ് ചെയ്യുമ്പോൾ സഹനത്തിലെ, ബലിയുടെ സമർപ്പണത്തിന്റെ അംശം ചോർന്നു പോകുന്നു. സഹനങ്ങൾ ബലിയും സമർപ്പണവുമായി മാറണമെങ്കിൽ അവയെ നാം സന്തോഷത്തോടെ സ്വമനസ്സാലെ സ്വീകരിക്കണമെന്ന് ക്രിസ്തു കാണിച്ചു

www.malankaralibrary.com

തരുന്നു. “ആരും എന്നിൽ നിന്ന് അത് പിടിച്ചെടുക്കുകയല്ല. ഞാൻ അത് സ്വമനസ്സാ സമർപ്പിക്കുകയാണ്. അത് സമർപ്പിക്കുവാനും തിരികെ എടുക്കുവാനും എനിക്കധികാരമുണ്ട് (യോ 10:18). ആരെങ്കിലും അടിച്ചേൽപ്പിക്കുന്ന സഹനങ്ങൾ വെറും ശരീരത്തിൽ അനുഭവിക്കുന്ന വേദനകൾ മാത്രം. പുരോഹിതനെയും ലേവായനെയും പോലെ മാറി നടക്കാൻ വഴിയുണ്ടായിട്ടും മുറിവേറ്റവനിലേക്ക് കണ്ണുപായിക്കാൻ സമരിയാക്കാരന് സാധിക്കുമ്പോൾ, എനിക്കൊന്നുമറിയില്ല എന്ന് പറഞ്ഞ് ഒഴിയാതെ ഇതാ കർത്താവിന്റെ ദാസി എന്ന് ഒരു യുവതി സമ്മതം മൂളുമ്പോൾ ഉറപ്പിക്കപ്പെടുന്നത് ആരുടെയൊക്കെയോ രക്ഷയാണ്.

3 ഈശോ കുരിശിലെ വേദനകളെ പ്രത്യാശയോടെ സഹിച്ചു.

ഈശോയുടെ കുരിശിലെ മരണം ലോകത്തിന്റെ മുഴുവൻ വീണ്ടെടുപ്പിനുവേണ്ടിയുള്ള പ്രത്യാശോഭരിതമായ സഹനമായിരുന്നു. “ഞാൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കുവാനും സ്വജീവൻ അനേകരുടെ മോചനദ്രവ്യമായി സമർപ്പിക്കാനും വേണ്ടിയാണ് (മർക്കോ 14:45)”. താൻ അനുഭവിക്കുന്ന വേദനകൾക്കു പിന്നിൽ ഒരു ലോകം മുഴുവന്റെ രക്ഷ മറഞ്ഞിരിക്കുന്നു എന്ന തിരിച്ചറിവ് ക്രിസ്തുവിന്റെ സഹനത്തെ പ്രത്യാശാഭരിതമാക്കി. ഈ പ്രത്യാശയോടെ ക്രിസ്തു കാൽവരിയിലേക്ക് ഒരു ജേതാവിനെപ്പോലെ ചുവടുകൾ വച്ചു. കുരിശിന്റെ വഴിയിൽ ഭക്തസ്ത്രീകളെ ആശ്വസിപ്പിക്കാനും കുരിശിൽ കിടന്നു പിടയുമ്പോഴും നല്ല കള്ളന് പറുദീസാ വാഗ്ദാനം ചെയ്തു കരുത്തു പകരാനും ക്രിസ്തുവിന് സാധിച്ചത് പ്രത്യാശയുള്ളതുകൊണ്ടാണ്. വിടാതെ പിന്തുടരുന്ന സഹനങ്ങളുടെ നടുവിൽ നിന്നുകൊണ്ട് “ഞങ്ങൾ എല്ലാ വിധത്തിലും ഞെരുക്കപ്പെടുന്നു എങ്കിലും തകർക്കപ്പെടുന്നില്ല. വിഷമിക്കപ്പെടുന്നു എങ്കിലും ഭഗ്നാശരാകുന്നില്ല. പീഡിപ്പിക്കപ്പെടുന്നു എങ്കിലും പരിത്യക്തരാകുന്നില്ല ( 2 കൊറി 4:8-11). എന്ന് പൗലോസ് അപ്പസ്തോലൻ പ്രഖ്യാപിക്കുന്നത് ക്രിസ്തുവിന്റെ ഈ പ്രത്യാശ സ്വന്തമാക്കിയതുകൊണ്ടാണ്.

4 ഈശോ കുരിശിലെ വേദനകളിലൂടെ ക്ഷമയോടെ കടന്നുപോയി

കുരിശുമരണത്തെ ഒരു സമ്പൂർണ്ണ പരാജിതന്റെ അവസാന നിമിഷങ്ങളായി കണ്ട് പരിഹസിക്കാൻ ധാരാളം പേർ കുരിശിന്റെ ചുവട്ടിൽ നിന്നിരുന്നു. ഏതു സൗമ്യനും നിയന്ത്രണം നഷ്ടപ്പെടുന്ന സാഹചര്യത്തിലും പരിഹസിക്കുന്നവർക്കായി പ്രാർത്ഥിച്ചുകൊണ്ട് ക്രിസ്തു ക്ഷമയുടെ മാതൃക നമുക്ക് പകർന്നു തരുന്നു. “അടിച്ചവർക്ക് മുഖവും താടിമീശ പറിച്ചവർക്ക് കവിളുകളും അവൻ കാണിച്ചു കൊടുത്തു. നിന്ദയിൽ നിന്നും തുപ്പലിൽ നിന്നും അവൻ മുഖം തിരിച്ചില്ല”. സഹനദാസന്റെ ക്ഷമാപൂർവ്വമായ സഹനത്തെ സമീപിക്കുന്നത് ഒരു പൂമൊട്ടിനെ ബലമായി വിടർത്താൻ ശ്രമിക്കുന്നതുപോലെയാണ്. സ്വയം വിടർന്ന് സുഗന്ധം പരത്താൻ പൂമൊട്ടിന് സമയം കൊടുക്കാം. അത് തനിയെ

www.malankaralibrary.com

വിടർന്ന് സുന്ദരവർണ്ണങ്ങൾ കൂട്ടി നമ്മെ അടുത്തേക്ക് മാടിവിളിക്കും. സുഗന്ധം പരത്തി നമ്മുടെ ഹൃദയങ്ങളെ നിർമ്മലമാക്കും. ക്ഷമയോടെ സഹനത്തിലൂടെ കടന്നുപോകാമെങ്കിൽ കുരിശിലെ സഹനത്തിന്റെ പൂമൊട്ടുകൾ തനിയെ വിടർന്ന് ഉത്ഥാനത്തിന്റെ സുഗന്ധവും സൗന്ദര്യവും പടർത്തും.

5 കുരിശിലെ സഹനത്തിലൂടെ ക്രിസ്തു അപരന്റെ വേദനയിൽ പങ്കുചേർന്നു

വേദനിക്കുന്നവരാരും ഇനി മുതൽ തനിച്ചല്ല. വേദനിക്കുന്ന ക്രിസ്തുവിന്റെ നിറസാന്നിദ്ധ്യം എന്നും അവർക്കൊപ്പമുണ്ടെന്ന് ദുഃഖവെള്ളി ഉറപ്പു തരുന്നു. കല്ല്യാണവിരുന്നിന്റെ കുറവുകളിലും, സമരിയാക്കാരിയുടെയും നിക്കെദേമോസിന്റെയും സംശയങ്ങളിലും പാപിനിയുടെ അപമാന ഭീതിയിലും രക്തസ്രാവക്കാരിയുടെ അപകർഷതാബോധത്തിലും. ജയ്റോസിന്റെ ഹൃദയവേദനയിലും അന്ധന്റെയും തളർവാതരോഗിയുടെയും ദൈന്യതകളിലും ക്രിസ്തുവിന്റെ ദീപ്തസാന്നിധ്യമുണ്ട്. ക്രിസ്തുവിന്റെ സാന്നിധ്യം മധുമൊഴികൾ, കരസ്പർശം അവർക്ക് നിത്യമായ ആശ്വാസമായി പരിണമിക്കുന്നു. യേശുവിന്റെ വലതുവശത്ത് ക്രൂശിക്കപ്പെട്ട കള്ളൻ യേശുവിനോട് ചോദിച്ചു. “നസറത്തിലെ യേശുവേ നീയും എന്നോടൊപ്പം രക്തമൊഴുക്കുകയാണോ?” യേശു മറുപടി പറഞ്ഞു. “എന്നെ തറച്ചുനിറുത്തുന്ന ഈ ആണികൾ ഇല്ലായിരുന്നുവെങ്കിൽ ഞാൻ കരം നീട്ടി നിന്റെ കരം പിടിക്കുമായിരുന്നു. നമ്മെ ഒരുമിച്ചാണവർ ക്രൂശിച്ചത്. നിന്നെ കുറേക്കൂടി എന്റെ അരികിലേക്ക് ചേർത്ത് ഉയർത്തിയിരുന്നെങ്കിൽ (ഖലിൽ ജിബ്രാൻ). തന്റെ സഹനത്തിൽ ക്രിസ്തുവിന്റെ നിറസാന്നിധ്യം കൂട്ടിനുണ്ടെന്ന തിരിച്ചറിവാണ്, തന്നെ ചേർത്തു പിടിക്കാൻ തറക്കപ്പെട്ട ആ കരങ്ങൾ വല്ലാതെ ത്രസിക്കുന്നു ണ്ടെന്ന, ബോധ്യമാണ് നല്ല കള്ളന്റെ പറുദീസ.

‘നീ ചെയ്യുന്നതിനെല്ലാം നീ തന്നെ അനുഭവിക്കും’ എന്ന് എല്ലാവരും ഭീഷണി മുഴക്കുമ്പോൾ നിനക്കുവേണ്ടി ഞാൻ സഹിച്ചോളാമെന്ന് പറഞ്ഞ് ക്രിസ്തു കടന്നു വരുന്നു. വേദനയിൽ നീറുന്ന കുഞ്ഞിന് അമ്മയുടെ സാമീപ്യം തലോടൽ പറുദീസയാണ്. ഒരുപക്ഷേ അമ്മയുടെ സാമീപ്യസുഖത്തിനായി അവൻ വീണ്ടും വേദന ആഗ്രഹിച്ചുവെന്നു വരാം. നമ്മുടെ എല്ലാ വേദനകൾക്കും പിറകിൽ ക്രിസ്തുവിന്റെ ആശ്വാസസാന്നിധ്യമുണ്ടെന്ന തിരിച്ചറിവോടെ സന്തോഷത്തോടെ, ക്ഷമയോടെ പ്രത്യാശയോടെ നമുക്ക് സഹനങ്ങളെ സ്വീകരി ക്കാം. അപരനോടുള്ള സ്നേഹം പ്രകടിപ്പിക്കാനായി ഞാൻ സഹിക്കുമ്പോൾ എന്റെ സഹനം സമർപ്പണവും അപരന് രക്ഷയുമായി മാറുമെന്ന് ഉറച്ചു വിശ്വസിക്കാം. ക്രിസ്തുവിന്റെ സഹനഭാവങ്ങൾ നമുക്ക് സ്വന്തമാകുന്ന സുദിനമായി ഈ ദുഃഖവെള്ളി പരിണമിക്കട്ടെ.

**ഫാ. ബേബി കരിന്തോളിൽ**

www.malankaralibrary.com



# യോഹ. 20:1- 9

ഏപ്രിൽ 8 ഉയിർപ്പു ഞായർ

## I. സന്ദർഭം

നാലാം സുവിശേഷത്തിലെ ഉത്ഥാനവിവരണമാണ് (20:1-21:25) സന്ദർഭം. ഉത്ഥാനത്തിനു തെളിവു നൽകുക എന്നതിനപ്പുറം ആദിമ ശിഷ്യർ ഉത്ഥിതനിലേക്കുള്ള വിശ്വാസത്തിലേക്ക് എപ്രകാരം വളർന്നു എന്നു വിശദീകരിക്കുകയാണ് സുവിശേഷകന്റെ ലക്ഷ്യം. മഗ്ദലനാമറിയം, ശിമയോൻപത്രോസ്, വത്സലശിഷ്യൻ, തോമാശ്ലീഹാ, പന്ത്രണ്ട് അപ്പസ്തോലന്മാരുടെ കൂട്ടായ്മ എന്നിവർ ഉത്ഥിതനെ തിരിച്ചറിയുന്നതും വിശ്വസിക്കുന്നതുമാണ് ഈ അധ്യായങ്ങളിൽ വിവരിക്കപ്പെടുന്നത്.

## II. പ്രമേയം

മഗ്ദലേനമറിയവും, പത്രോസും, യേശു സ്നേഹിച്ചിരുന്ന ശിഷ്യനും യേശുവിന്റെ ശവകുടീരം സന്ദർശിക്കുന്നതാണ് ഈ വചനഭാഗത്തെ പ്രമേയം.

## III. സന്ദേശം

1. യേശുവിന്റെ കുരിശിന്നരികെ മഗ്ദലേന മറിയം നിൽക്കുന്നുണ്ടായിരുന്നു (19:25). മരണവും സംസ്ക്കാരവും കഴിഞ്ഞതിന് ശേഷവും അവൾ അവന്റെ സമീപത്തേക്ക് ആദ്യം എത്തുകയാണ് (20:1). അതാണ് സ്നേഹത്തിന്റെ രീതി. മരിച്ചു കഴിഞ്ഞാലും വീട് ഉപേക്ഷിച്ചു പോരാൻ തോന്നില്ല; മരിച്ചാലും മറക്കാനാവില്ല.

അങ്ങനെ മരണത്തിൽ കൂട്ടുനിൽക്കുകയും, മരണശേഷവും ഉപേക്ഷിക്കാതെ നിൽക്കുകയും ചെയ്ത മറിയത്തിനാണ് ഉത്ഥിതനായ യേശു ആദ്യം പ്രത്യക്ഷപ്പെടുന്നത് (20:11-16). ഉത്ഥിതനെ കണ്ടുമുട്ടാനും ഉത്ഥാനത്തിൽ പങ്കാളിയാകാനുമുള്ള മാർഗ്ഗം ഇതാണ് - മരണത്തിലേക്കും സംസ്ക്കാരത്തിലേക്കും അതിനപ്പുറത്തേക്കും നീളുന്ന സ്നേഹബന്ധങ്ങൾ വളർത്തിയെടുക്കുക. കല്ലറയ്ക്ക് അപ്പുറത്തേക്കും നിന്റെ സ്നേഹബന്ധങ്ങളെ നീ വളർത്തിയെടുക്കുക. എങ്കിൽ ഉത്ഥിതനെ നിനക്കു കണ്ടുമുട്ടാനാകും.

2. ശവകുടീരത്തിന്റെ കല്ലു മാറ്റപ്പെട്ടതറിയുമ്പോൾ മഗ്ദലേന മറിയം കരുതുന്നത് ശത്രുക്കൾ യേശുവിന്റെ ശരീരം എടുത്തു മാറ്റിയിരിക്കുന്നു എന്നാണ് (20:2). എന്നാൽ യഥാർത്ഥത്തിൽ സംഭവിച്ചത്, യേശുവിന്റെ ഉത്ഥാനമായിരുന്നു. നീ കാണുന്നവ പരിമിതങ്ങളാണ്. അതിൽ നിന്നും നീ എടുക്കുന്ന നിഗമനങ്ങളും തെറ്റിപ്പോകാം. യഥാർത്ഥത്തിൽ സംഭവിച്ചത് നീ

www.malankaralibrary.com

ചിന്തിക്കുന്നതിനേക്കാളൊക്കെ പതിന്മടങ്ങ് മഹനീയമായ ദൈവികകൃത്യ മാകാം. അത് തിരിച്ചറിയണമെങ്കിൽ, മറിയത്തെപ്പോലെ നീ കല്ലറയിൽ നിന്ന് മടങ്ങിപ്പോകാതിരിക്കണം (20:10–11). അവളെപ്പോലെ നിർബന്ധബുദ്ധിയോടെ അന്വേഷിക്കണം (20:13). അത്തരം നിർബന്ധബുദ്ധിയിലും അന്വേഷണത്തി ലുമാണ് ദൈവികപ്രവർത്തനം നിനക്ക് വെളിവായി കിട്ടുന്നത്.

3. കല്ലറയിൽ പ്രവേശിച്ച ശിഷ്യർ കാണുന്നത് യേശുവിന്റെ ശരീരത്തിൽ ചുറ്റി യിരുന്ന കച്ചയും തൂവാലയുമാണ് (20:7–8). അത് കണ്ട് അവർ വിശ്വസിച്ചു (20:9) എന്നാണ് തിരുവചനം. നീ കാണുന്നതും നിസ്സാരമായ ചില അടയാ ളങ്ങൾ മാത്രമാണ്. എന്നാൽ അതിലൂടെ നിന്നിൽ ഉയർന്നുവരേണ്ടത് വിശ്വാസ മാണ്– യേശുവിലുള്ള വിശ്വാസം; അദൃശ്യനായ ഉത്ഥിതൻ നിന്റെ കൂടെ ഉണ്ടെന്നുള്ള വിശ്വാസം.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: നീ കരയുന്നതെന്തിന്?

കരയുന്ന മനുഷ്യന്റെ അടുത്തെത്തി കണ്ണീരിന്റെ കാരണമെന്തെന്ന് അന്വേഷിക്കുവാൻ അലിവുള്ളൊരു ദൈവം നമുക്കുണ്ടെന്ന ശുഭസന്ദേശമാണ് ഈ ഈസ്റ്റർ തിരുന്നാൾ നമുക്കു നൽകുന്നത്. ഉത്ഥിതനായ ക്രിസ്തു മനുഷ്യർക്കുമുമ്പിൽ പ്രത്യക്ഷനാകുന്നത് അവരുടെ വേദനകൾക്കും മനോവ്യഥകൾക്കും പരിഹാരം നൽകിക്കൊണ്ടാണെന്ന് സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. കരയുന്ന മറിയത്തിന്റെയടുത്ത്, പ്രതീക്ഷകളൊക്കെ നഷ്ടപ്പെട്ട് എമ്മാവൂസിലേക്ക് തിരിച്ചുനടക്കുന്ന ശിഷ്യന്മാരുടെ അടുത്ത്, രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ട് ഒരു ചെറുമീൻ പോലും കിട്ടാതെ മനസ്സു മടുത്തു പോയ പത്രോസിന്റെയും സുഹൃത്തുക്കളുടെയും അടുത്ത്, ഇരു ദർശനം നഷ്ടമായ് നീറിനിൽക്കുന്നതായ മനസ്സിന്റെ അടുത്തേക്ക്, അങ്ങനെ ഉഴറി നിൽക്കുന്ന അനേകരുടെ അടുത്തേക്ക് പ്രത്യാശയുടെ സുവിശേഷവു മായാണ് ക്രിസ്തു കടന്നുവരുന്നത്.

ഉയിർപ്പിനുശേഷമുള്ള ക്രിസ്തുവിന്റെ എല്ലാ ദർശനങ്ങളും ആരംഭിക്കുന്നത് 'നിങ്ങൾക്കു സമാധാനം' എന്ന ആശംസാവചനത്തോടുകൂടിയാണ്. മരണ ത്തിനുമുമ്പ് ക്രിസ്തു തന്റെ ഒരു കൂടിക്കാഴ്ചകളും സമാനമായ ആശംസക ളോടെ ആരംഭിക്കുന്നില്ല അതുകൊണ്ടുതന്നെ ഉയിർപ്പിനുശേഷമുള്ള ഈ സമാധാന ആശംസ നമ്മെ ഓർമ്മിപ്പിക്കുന്നത് മനുഷ്യന്റെ അസമാധാനത്തിന് കാരണമായേക്കാവുന്ന അവസാന സാദ്ധ്യതകളേയും താൻ അതിജീവിച്ചി രുന്നു. ഭയാശങ്കകൾക്ക് ഇനി യാതൊരു കാരണവുമില്ല.

ഏതൊരു മനുഷ്യന്റെയും ഏറ്റവും ലളിതമായൊരു സ്വപ്നമാണ് 'സ്വസ്ഥ വും സമാധന പൂർണവുമായ ജീവിതം' എന്നത്. പക്ഷേ, ഏറ്റവും നിസ്സാര മായ ഈ സ്വപ്നം തന്നെയാണ് ഒരാൾക്ക് ഏറെ അപ്രാപ്യമായി നിലക്കൊള്ളു ന്നത്. സ്വസ്ഥമായി ഒന്നുറങ്ങിയിട്ട് മനസ്സുതുറന്ന് ഒന്നു ചിരിച്ചിട്ട് എത്ര

www.malankaralibrary.com

നാളായെന്ന് പലരും പരിതപിക്കുന്നു. കയ്യടക്കിയ ജീവിതവിജയങ്ങളും നേടിയെടുത്ത സമ്പത്തികസുരക്ഷിതത്വവും ഒന്നും അശാന്തിയുടെ അലകളെ ശമിപ്പിക്കുന്നില്ല. സ്വസ്ഥതയ്ക്കു വേണ്ടിയുള്ള മനുഷ്യന്റെ നിലയ്ക്കാത്ത അന്വേഷണങ്ങൾക്കുള്ള ഉത്തരമാണ് ഉത്ഥിതനായ ക്രിസ്തു വാഗ്ദാനം ചെയ്യുന്നത്; 'നിങ്ങൾക്ക് സമാധാനം'.

മനുഷ്യമനസ്സിന്റെ അശാന്തിയുടെ അടിസ്ഥാന കാരണങ്ങൾ ഭയവും ആശങ്കയും തെറ്റിദ്ധാരണകളുമൊക്കെയാണ് രോഗത്തെക്കുറിച്ചുള്ള ചിന്തകൾ, ജീവിതത്തിന്റെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ആശങ്കകൾ, ബന്ധങ്ങളിൽ സംഭവിക്കുന്ന തെറ്റിദ്ധാരണകൾ ഇവയൊക്കെ മനുഷ്യമനസ്സിനെ പ്രക്ഷുബ് ധമായ സാഗരമാക്കി മാറ്റുന്നു.

മനുഷ്യനെ അലട്ടുന്ന എല്ലാ ആശങ്കകൾക്കും ക്രിസ്തുവിന്റെ കയ്യിൽ പരിഹാരമുണ്ട്. രോഗത്തിന്റെയും പൈശാചിക ബ്നധനങ്ങളുടെയും പ്രകൃതിക്ഷോഭങ്ങളുടെയുമൊക്കെമേലുള്ള തന്റെ ആധിപത്യം അവൻ മുന്നേ തെളിയിച്ചതാണ്. ഇപ്പോഴിതാ മനുഷ്യനെ അലട്ടുന്ന മരണമെന്ന പ്രഹേളികയെയും അവൻ അതിജീവിച്ചിരിക്കുന്നു. ആകയാൽ, അസാദ്ധ്യമെന്നു തോന്നുന്ന നിരവധി കാര്യങ്ങൾ നമ്മുടെ മനസ്സിനെ ഭാരപ്പെടുത്തുമ്പോൾ മരണത്തെപ്പോലും ജയിച്ച ക്രിസ്തുവിൽ നമുക്ക് വിശ്വസിക്കാനാവണം. എന്നാൽ, ജീവിതത്തിലെ ചില പ്രശ്നങ്ങൾ ആർക്കും പരിഹരിക്കാനാവാത്തവിധം സങ്കീർണ്ണമായെന്നു തോന്നുമ്പോൾ മനുഷ്യൻ ആത്മഹത്യയെക്കുറിച്ചാണ് തിരക്കിട്ടു ചിന്തിക്കുന്നത്. നമ്മെക്കൊണ്ട് ഇനി ഒന്നുമാവില്ല എന്ന് തോന്നുമ്പോഴെങ്കിലും മരണത്തെ അതിജീവിച്ചവനിൽ നമ്മൾ വിശ്വസിക്കേണ്ടതുണ്ട്.

ഫ്രെഡ് എന്നൊരാൾ നിരത്തിലൂടെ നടന്നുപോകുമ്പാണ് മറ്റൊരാൾ പഴയ മാതൃകയിലുള്ള ഒരു കസേര കുപ്പത്തൊട്ടിയിൽ ഉപേക്ഷിക്കുവാൻ പോകുന്നത് കണ്ടത്. നല്ല കൊത്തുപണികളൊക്കെയുള്ള അത് കുറച്ചു ശ്രമിച്ചാൽ നന്നാക്കിയെടുക്കാവുന്നതേയുള്ളൂ. അതുകൊണ്ട് ഫ്രെഡ് ആ മനുഷ്യനോട് പറഞ്ഞു: 'നിങ്ങൾ ഇത് ഉപേക്ഷിച്ചു കളയുകയാണെങ്കിൽ എനിക്കു തന്നുകൂടെ? ഞാനിത് ശരിയാക്കി എടുത്തുകൊള്ളാം' പക്ഷേ, അപരിചിതനായ ആ മനുഷ്യൻ കടുത്ത വാക്കുകളിൽ ഫ്രെഡിനെ ചീത്തവിളിക്കുകയും കസേര തല്ലിയൊടിച്ച് കുപ്പയിലേക്കെറിയുകയും ചെയ്തു. ഉപേക്ഷിച്ചുകളയുന്ന ഒരു സാധനമല്ലേ താൻ ചോദിച്ചത്? അതിനിത്രയും മാത്രം ഇയാളെന്തിനാണ് എന്നെ ആക്ഷേപിച്ചത്? ഫ്രെഡിന്റെ മനസ്സ് വല്ലാതെ വേദനിച്ചു. പിന്നീട് കുറെ നാളുകൾക്ക് ശേഷം ജീവിത പ്രാരാബ്ദങ്ങളിൽ മനം മടുത്ത് ഫ്രെഡ് ജീവിതം അവസാനിപ്പിക്കുവാൻ തുടങ്ങുകയായിരുന്നു. ആത്മഹത്യയ്ക്കായി കഴുത്തിലേക്ക് കുരുക്കിടാൻ തുടങ്ങവേ പെട്ടെന്ന് അയാളുടെ മനസ്സിലൂടെ ഒരു വാചകം കടന്നുപോയി. 'നീയിത് ഉപേക്ഷിക്കുകയാണെങ്കിൽ എനിക്കു തന്നുകൂടെ ഞാനിത് ശരിയാക്കിയെടുത്തുകൊള്ളാം'. ഫ്രെഡിന്

www.malankaralibrary.com

അത്ഭുതം തോന്നി. കുറേ നാളുകൾക്കുമുമ്പ് താൻ ആ അപരിചിതനോട് പറഞ്ഞ വാക്കുകളല്ലേ ഇത്? ഫ്രെഡ് ചിന്തിച്ചു: ദൈവമാണ് എന്നോടിന്ന് സംസാരിച്ചത്. അന്ന് ആ മനുഷ്യൻ തന്നെ അധിക്ഷേപിച്ച് ആ കസേര തല്ലിയൊടിച്ചുകളഞ്ഞപ്പോൾ എനിക്കെത്ര മാത്രം വിഷമം തോന്നി. ദൈവം ഇപ്പോൾ അതേ ചോദ്യം എന്നോട് ചോദിക്കുകയാണ്. ഈ ജിവിതം അവന്റെ കയ്യിൽ കൊടുക്കാതെ ഞാൻ നശിപ്പിച്ച് കളഞ്ഞാൽ അവന് എത്രമാത്രം വേദനയുണ്ടാകും. അതോടുകൂടി ഫ്രെഡ് തന്റെ ആത്മഹത്യാശ്രമം ഉപേക്ഷിച്ചു. ശരിയാക്കി എടുക്കാൻ സാധിക്കാത്ത വിധം താറുമാറായിപ്പോയി ജീവിതം എന്ന ചിന്ത നമ്മുടെ മനസ്സിന്റെ സ്വസ്ഥതയെ തകർത്തുകൊണ്ടിരിക്കുകയാവാം. പക്ഷെ, കൈമോശം വന്നുകൊണ്ടിരിക്കുന്ന ജീവിതത്തെ ക്രിസ്തുവിന്റെ കയ്യിൽ കൊടുത്തുകൂടെ?

കല്ലറയിൽ ക്രിസ്തുവിന്റെ ശരീരം അന്വേഷിച്ചെത്തുന്ന മറിയത്തോട് ഉത്ഥിതനായ ക്രിസ്തു ചോദിക്കുന്നത് നീ കരയുന്നത് എന്തിനാണ് എന്നാണ്. അവളുടെ കണ്ണീരിനു കാരണം ക്രിസ്തു. ഉയിർത്തെഴുന്നേറ്റു എന്ന് അവൾ അറിഞ്ഞിരുന്നില്ല എന്നതാണ്. ആ സത്യം തിരിച്ചറിയുന്ന നിമിഷം അവളുടെ കണ്ണീര് എന്നന്നേക്കുമായി അപ്രത്യക്ഷമാകുന്നു. ഇതുവരെ നമ്മൾ കരഞ്ഞത് ആകുലതകളിൽ മുഴുകിപ്പോയത് ക്രിസ്തു ലോകത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റു എന്ന് മറന്നു പോയതുകൊണ്ടാണ്. എന്നാൽ, ഈ ഈസ്റ്റർ തിരുന്നാൾ അവൻ ലോകത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റു എന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു. മരണത്തെ ജയിച്ചവന് ഈ ലോകത്ത് എന്താണ് അസാദ്ധ്യമായിട്ടുള്ളത്? നമ്മെ അലട്ടിക്കൊണ്ടിരിക്കുന്ന ഏറ്റവും ഗൗരവമായ പ്രശ്നങ്ങൾപോലും അവന്റെ മുന്നിൽ വെറും നിസ്സാരമാണ്.

ഭൂകമ്പത്തിൽപെട്ടുപോയ അർബേനിയൻ ബാലന്റെ വിശ്വാസമെങ്കിലും ഉയിർപ്പുതിരുന്നാൾ ആഘോഷിക്കുമ്പോൾ നമുക്കുണ്ടാകേണ്ടതുണ്ട്. ലോകത്തെ നടുക്കിയ അർബേനിയൻ ഭൂകമ്പത്തിൽ തകർന്നുവീണ ആയിരക്കണക്കിന് കെട്ടിടങ്ങൾക്കൊപ്പം ഒരു സ്കൂൾ കെട്ടിടവുമുണ്ടായിരുന്നു. തകർന്നു കിടക്കുന്ന സ്കൂളിനെ ലക്ഷ്യമാക്കി ഒരു പിതാവ് അലമുറയിട്ടുകൊണ്ട് ഓടിയെത്തി. രക്ഷാപ്രവർത്തകരുടെ നിയന്ത്രണങ്ങളൊന്നും വകവയ്ക്കാതെ അയാൾ തന്റെ കുഞ്ഞ് പഠിച്ചിരുന്ന ക്ലാസ്മുറിയുടെ അടുത്തെത്തി മൺവെട്ടി കൊണ്ട് മണ്ണുമാറ്റാൻ തുടങ്ങി. കെട്ടിടത്തിന്റെ ശേഷിച്ച ഭാഗംകൂടി എപ്പോൾ വേണമെങ്കിലും വീഴാം എന്നുള്ളതുകൊണ്ട് ആരും അയാളുടെ സഹായത്തിനെത്തിയില്ല. ഏകദേശം 36 മണിക്കൂറുകൾ കടന്നുപോയി. അയാൾ ഒറ്റയ്ക്ക് മണ്ണുമാറ്റാവാനുള്ള ശ്രമത്തിലാണ്. പെട്ടെന്നാണ് അയാൾ 'പപ്പാ' എന്ന സ്വരം കേട്ടത്. അതു തന്റെ കുഞ്ഞിന്റെ ശബ്ദമാണെന്ന് അയാൾ തിരിച്ചറിഞ്ഞു. ജീവന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് മറ്റുള്ളവരും അദ്ദേഹത്തെ സഹായിക്കാനെത്തി. ഒടുവിൽ കെട്ടിടം തകർന്ന സമയത്ത് എങ്ങനെയോ സൃഷ്ടി

www.malankaralibrary.com

ക്കപ്പെട്ട ത്രികോൺപോലുള്ള സുരക്ഷിതമായിടത്ത് തന്റെ മകനും മറ്റു രണ്ടു കുട്ടികളും സുരക്ഷിതരായിരിക്കുന്നത് അയാൾ കണ്ടു. ഈ നീണ്ട 36 മണിക്കൂറുകൾ ജലവും ശുദ്ധവായുവി മില്ലാതെ ആ കുഞ്ഞുങ്ങൾ എങ്ങനെ അവിടെ കഴിഞ്ഞുകൂടി എന്ന് അത്ഭുതത്തോടെ ചോദിച്ചവരോട് ആ കുഞ്ഞ് പറഞ്ഞു: "ഞാൻ എന്റെ കൂട്ടുകാരോട് പറഞ്ഞു; എന്റെ പപ്പാ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ നമ്മെ രക്ഷിക്കാൻ വരുമെന്ന്. ഞങ്ങൾ പപ്പായെ കാത്തിരിക്കുകയായിരുന്നു".

ജീവിത ദുരന്തങ്ങളുടെ വെളിച്ചം കടക്കാത്ത ഭൂവറകളിൽ പെട്ടുപോയതായിരിക്കാം നമ്മുടെ ജീവിതങ്ങൾ. പക്ഷേ നമുക്ക് ശാന്തരാകാം. എന്തെന്നാൽ, നമ്മുടെ പപ്പാ ജീവിച്ചിരിപ്പുണ്ട്. അവൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു. 'നീ കരയുന്നതെന്തിന്? എന്നു ചോദിച്ച് നമ്മുടെ ചാരെ അവനെത്താൻ സമയമായി'.

**ഫാ. പീറ്റർ തോമസ്**

www.malankaralibrary.com



# യോഹ. 20: 19 - 29

ഏപ്രിൽ 15 ഞായർ

## ഭാഷ്യം

### I. സന്ദർഭം

യോഹന്നാന്റെ സുവിശേഷത്തിൽ ആകെ നാലു തവണയാണ് ഉത്ഥാനാനന്തരം യേശു പ്രത്യക്ഷപ്പെടുന്നത്. ഈ നാലു വിവരണങ്ങളിൽ മൂന്നും ഇരുപതാമത്തെ അദ്ധ്യായത്തിലാണ് നാം കാണുന്നത്. (1) ഉയിർപ്പു ഞായറാഴ്ച ഈശോ മഗ്ദലേനാ മറിയത്തിനു പ്രത്യക്ഷപ്പെടുന്നു. (2) ഉയിർപ്പു ഞായറാഴ്ച വൈകുന്നേരം ഈശോ തോമസ് ഒഴികെയുള്ള ശിഷ്യഗണത്തിനു പ്രത്യക്ഷനാകുന്നു. (3) പിറ്റേ ഞായറാഴ്ച ഉയിർപ്പിന്റെ എട്ടാമിടത്തിൽ – തോമസ് അടക്കമുള്ള ശിഷ്യഗണത്തിനു യേശു പ്രത്യക്ഷനാകുന്നു. ഇവയിൽ രണ്ടാമത്തെയും മൂന്നാമത്തെയും പ്രത്യക്ഷീകരണങ്ങളാണ് ഇന്നത്തെ വചനഭാഗം.

### II. പ്രമേയം

യേശു ഉയിർത്തെഴുന്നേറ്റു എന്നു വിശ്വസിക്കുക ശിഷ്യസമൂഹത്തിന് എളുപ്പമുള്ള കാര്യമായിരുന്നില്ല. അതുകൊണ്ട് യേശു തന്നെ നേരിട്ട് ശിഷ്യഗണത്തിന് പ്രത്യക്ഷപ്പെട്ട്, തന്റെ മുറിപ്പാടുകൾ കാണിച്ച്, കുരിശിൽ മരിച്ച താൻ തന്നെയാണ് ഉയിർത്തുവന്നിരിക്കുന്നതെന്ന് ശിഷ്യസമൂഹത്തെ ബോദ്ധ്യപ്പെടുത്തുന്നു (20:19–20). തുടർന്ന് യേശു അവർക്ക് പ്രേഷിതദൗത്യം നൽകുന്നു (20:21). ആ ദൗത്യം ഏറ്റെടുക്കുന്നതിന് അവരെ ശക്തിപ്പെടുത്തുന്നതിനായി അവർക്ക് പരിശുദ്ധാത്മാവിനെ നൽകുന്നു (20: 22). യോഹന്നാന്റെ സുവിശേഷത്തിലെ പന്തക്കുസ്തയാണ് ഈ സംഭവം. ഈശോ ശിഷ്യരുടെമേൽ നിശ്വസിച്ച് അവർ ക്ക് ആത്മാവിനെ നൽകുന്നത് ഉല്പത്തി 2:7–ലെ സന്ദർഭത്തെ അനുസ്മരിപ്പിക്കുന്നു. അവിടെ ദൈവം പൂഴികൊണ്ടു മനുഷ്യനെ രൂപപ്പെടുത്തിയശേഷം അവന്റെ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിച്ചുകൊണ്ട് അവനെ ജീവനുള്ളവനാക്കിത്തീർത്തു. അങ്ങനെയെങ്കിൽ ഉത്ഥിതനായ യേശു ശിഷ്യരുടെ മേലുള്ള തന്റെ നിശ്വാസം വഴി പരിശുദ്ധാത്മാവിനെ അവർക്ക് നൽകുകയും അവരെ നിത്യജീവനുള്ളവരാക്കിത്തീർക്കുകയുമാണിവിടെ.

### III. സന്ദേശം

1. ഭയന്നിരിക്കുന്നവരുടെ ഇടയിലേക്കാണ് യേശു കടന്നുവന്ന് സമാധാനം ആശംസിക്കുന്നത് (20:19). ഭയപ്പാടിന്റെയും ഭീതിയുടെയും ജീവിതാനുഭവങ്ങളെ

www.malankaralibrary.com

യേശുവിന്റെ മുമ്പിൽ തുറന്നു വയ്ക്കുക. അത്തരം അനുഭവങ്ങളിലേക്ക് നീ യേശുവിനെ കൂട്ടിക്കൊണ്ടുവരിക. എങ്കിൽ നിന്റെ ജീവിതത്തിൽ നീ സമാധാനം അനുഭവിക്കും. അതോടൊപ്പം ഭയത്തിൽ കഴിയുന്നവരുടെ അടുത്തെത്താനും അവർക്ക് സമാധാനം പകരാനും നിനക്കു കഴിയണം.

2. യേശു ശിഷ്യരുടെമേൽ നിശ്വസിച്ചുകൊണ്ടാണ് ശിഷ്യർക്ക് പരിശുദ്ധാത്മാവിനെ കൊടുക്കുന്നത് 20:22). യേശുവിലുണ്ടായിരുന്ന ജീവശ്വാസം തന്നെയാണ് അവൻ ശിഷ്യർക്ക് കൈമാറുന്നത്. അതാണിനി ശിഷ്യരുടെ ജീവശക്തിയായി മാറേണ്ടത്. പരിശുദ്ധാത്മാവ് നിന്റെ ജീവിതത്തിന്റെ ശക്തിയും ആധാരവുമായി മാറണം. അപ്പോഴാണ് നീ ദൈവികനാകുന്നത്.

3. തോമാശ്ലീഹായുടെ പിടിവാശിക്ക് മുമ്പിൽ തോറ്റുകൊടുക്കുന്ന യേശു അവനോടു പറയുന്നത്, 'നീ അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക' എന്നാണ് (20:27). ശിഷ്യനെ വിശ്വാസിയാക്കാൻ ഏതറ്റംവരെ പോകാനും യേശു മടിക്കുന്നില്ല. ഏറ്റം പ്രധാനം ശിഷ്യൻ വിശ്വാസിയായിരിക്കുക എന്നതാണ്. നിന്റെ കാര്യത്തിലും യേശുവിന്റെ രീതി ഇതുതന്നെയാണ്. നീ വിശ്വാസിയാകണം; യേശുവിൽ വിശ്വസിക്കുന്നവനാകണം. അവൻ നിന്റെ കൂടെ ഉണ്ടെന്നും അവൻ നിന്നെ പരിപാലിക്കുമെന്നും നീ വിശ്വസിക്കണം. ഈ വിശ്വാസമാണ് ശിഷ്യത്വത്തിന്റെ ആത്മാവ്.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: തളരാത്ത വിശ്വാസം

ക്രൈസ്തവ വിശ്വാസത്തിന്റെ മഹത്തായ പ്രഘോഷണമാണ് ഇന്നത്തെ സുവിശേഷത്തിൽ നമ്മൾ കേട്ടത്. “എന്റെ കർത്താവേ എന്റെ ദൈവമേ”. വിശ്വാസമെന്നത് സമ്പൂർണ്ണ സമർപ്പണത്തിന്റെ അടയാളമാണ്. ദൈവം കൈവിട്ടാൽ പോലും നഷ്ടപ്പെടാത്ത വിശ്വാസമാണ് കർത്താവിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുക.

ഒരു മനുഷ്യൻ ഒരിക്കൽ ഒരു ധ്യാനഗുരുവിന്റെ അടുത്തുവന്ന് പറഞ്ഞു. 'എങ്ങനെയെങ്കിലും ഒന്നു മരിച്ചാൽ മതി. അത്രക്ക് നിരാശയിലാണ് ഞാൻ'. അച്ചൻ പറഞ്ഞു. 'എങ്ങനെയെങ്കിലും മരിച്ചാൽ പോരാ, മരിക്കുകയാണെങ്കിൽ നന്നായിട്ട് മരിക്കണം'. അയാൾ പറഞ്ഞു: അതുതന്നെയാണ് ഞാൻ തീരുമാനിച്ചിരിക്കുന്നത്. എന്റെ വീടിനടുത്ത് ഒരു പുഴയുണ്ട്. പുഴയുടെ തീരത്ത് ഒരു മരമുണ്ട്. ഞാൻ ആ മരത്തിന്റെ മുകളിൽ കയറും. എന്നിട്ട് പുഴയുടെ ആഴമുള്ള ഭാഗത്തേക്ക് ചാടും. അപ്പോൾ അച്ചൻ പറഞ്ഞു: 'ചാടുന്നതിനു മുമ്പ് താൻ രണ്ട് കാര്യങ്ങൾ ചെയ്യണം. ഒന്നാമതായി താൻ മരത്തിൽ കയറുമ്പോൾ തന്റെ അരയിൽ ഒരു വലിയ കല്ല് കെട്ടണം. കാരണം താൻ ചാടിക്കഴിഞ്ഞാൽ പിന്നെ പൊന്തിവരരുത്. രാത്രി രണ്ടുമണിക്കേ ചാടാവൂ. കാരണം തന്നെ ആരും രക്ഷപ്പെടുത്തരുത്. അപ്പോൾ അയാൾ അച്ചനോട് ചോദിച്ചു. അപ്പോൾ ഞാൻ ചാകണമെന്നു തന്നെയാണോ അച്ചനും പറയുന്നത്. അച്ചൻ

www.malankaralibrary.com

പറഞ്ഞു തനിക്ക് ദൈവത്തിൽ വിശ്വാസമില്ല. ദൈവം പരിപാലിക്കുമെന്ന് ഉറപ്പില്ല. താൻ പോയി ചത്തോളൂ. അയാൾ മരിച്ചില്ല. പോയി നന്നായി ജീവിച്ചു. നീ സമുദ്രത്തിന്റെ മദ്ധ്യത്തിലൂടെ കടക്കില്ല എന്നല്ല ദൈവം പറയുന്നത് 'നീ സമുദ്രം കടക്കുമ്പോൾ ഞാൻ നിന്റെ കൂടെയുണ്ടായിരിക്കും. അഗ്നിയിലൂടെ നടക്കില്ല എന്നല്ല നടക്കുമ്പോൾ ഞാൻ നിന്റെ കൂടെ ഉണ്ടായിരിക്കും. ജീവിതത്തിലെ പ്രതിസന്ധികളിലും, ഉത്തരം കിട്ടാത്ത സമസ്യകൾക്കു മുമ്പിലും ദൈവമുണ്ട്. ഭർത്താവിന്റെ മദ്യപാനം മാറാത്തപ്പോഴും, രോഗങ്ങൾ സൗഖ്യമാകാത്തപ്പോഴും, കടബാധ്യതകൾ ഒരു ഒഴിയാബാധപോലെ പിൻതുടരുമ്പോഴും നിരാശപ്പെടരുത്. കാരണം ദൈവം കൂടെയുണ്ട്. ദൈവം കൂടെയില്ലെന്ന് നിനക്ക് തോന്നും. ഈശോ പറയുന്നുണ്ട്; 'കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ (19:29). കാരണം 'അവനിൽ വിശ്വസിക്കുന്നവർക്കു ലജ്ജിക്കേണ്ടിവരികയില്ല' (റോമാ 9:23).

തോമാശ്ലീഹായുടെ വിശ്വാസതീക്ഷ്ണത കാണുമ്പോൾ 'അത്രയൊന്നും എനിക്കുവേണ്ട എന്ന് ആരും പറയരുത്. കാരണം വിശ്വാസം ദൈവദാനമാണ്. സ്വീകരിക്കുക മാത്രം ചെയ്യുക. ആവശ്യാനുസാരം വിശ്വാസത്തിന്റെ അളവ് വർദ്ധിപ്പിക്കുക.

"കരുത്തുറ്റ, ഈടുറ്റ ആർക്കും തകർക്കാൻ കഴിയാത്ത വിശ്വാസം, അതിന് ഈ സിമന്റ് ഉപയോഗിക്കുക" വീഴാറായി നിൽക്കുന്ന ഒരു ചുമരിൽ എഴുതിയിരിക്കുന്ന സിമന്റിന്റെ ഈ പരസ്യത്തിന് എന്ത് പ്രസക്തി? 'എന്റെ കർത്താവേ, എന്റെ ദൈവമേ' തോമാസ് ശ്ലീഹായുടെ വിശ്വാസ പ്രഘോഷണത്തിന്റെ മാറ്റൊലി നമ്മുടെ ഓരോരുത്തരുടെയും കർണ്ണപുടങ്ങളിൽ പതിയണം. വ്യക്തി ജീവിതത്തിൽ. വിശ്വാസത്തിന്റെ ആഴവും, വീതിയും, നീളവും, ഉറപ്പും നാം ആത്മപരിശോധനയ്ക്ക് വിധേയമാക്കണം. വിശ്വാസമെന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പാണ്. കടൽത്തീരത്തേക്ക് പോവുകയാണെങ്കിൽ അവിടെ നമുക്ക് കാണാൻ കഴിയുന്ന രസകരമായ കാഴ്ചകൾ ഉണ്ട്. കടലിലേക്ക് കുറച്ച് മാത്രം ഇറങ്ങുവാൻ ശ്രമിക്കുന്നവരുടെ പാദത്തിനടിയിൽ നിന്നും ചില കള്ളത്തിരകൾ മണ്ണെടുത്ത് കൊണ്ടുപോവുകയും അവർ അവിടെ വീഴുകയും ചെയ്യുന്ന കൗതുകകരമായ കാഴ്ചകൾ. വീഴാതിരിക്കാൻ പെരുവിരൽ കുത്തി ഉറപ്പിച്ചായിരിക്കും പലരും നിൽക്കുക. ഇതാണ് നമ്മുടെ വിശ്വാസത്തിന്റെ ഉറപ്പ്. നമ്മുടെ കാൽച്ചുവട്ടിൽ നിന്നും വിശ്വാസമാകുന്ന മണൽത്തരികൾ ഒലിച്ച് പോകാതിരിക്കട്ടെ.

പതറാത്ത മനസ്സും, ഇടറാത്ത ചിന്തകളും, തളരാത്ത വിശ്വാസവും നമ്മെ നയിക്കട്ടെ.

**ഫാ. ഷിബു പുളിക്കൽ**

www.malankaralibrary.com

# പെസഹാ വ്യാഴം - ആരാധന

*(ആരാധനയ്ക്ക് ഒരുക്കമായി എല്ലാവരും ദേവാലയത്തിൽ ഒരുമിച്ചു ചേരുന്നു. വി. കുർബ്ബാന എഴുന്നെള്ളിച്ചു വയ്ക്കുന്നു. എല്ലാവരും മുട്ടുകുത്തുന്നു.)*

കാർമ്മികൻ : പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന്

സമൂഹം : എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.

ഗായകസംഘം : *ആബാ പിതാവേ എൻ ദൈവമേ*
*രക്ഷകനേശുവേ എൻ ദൈവമേ*
*പാവാനാത്മാവേ എൻ ദൈവമേ*
*ത്രിതൈക ദൈവമേ ആരാധന (2)*
*സ്വർഗ്ഗപിതാവേ ആരാധന*
*ക്രൂശിതനേശുവേ ആരാധന*
*ദിവ്യാരൂപിയേ ആരാധന*
*എൻ ഹൃത്തിൽ വാഴണേ എൻ ദൈവമേ (2)*

(എല്ലാവരും ഇരിക്കുന്നു)

കാർമ്മികൻ : കർത്താവായ യേശു താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ അപ്പമെടുത്ത് കൃതജ്ഞതാ സ്ത്രോത്രം ചെയ്തു അപ്പം മുറിച്ചുകൊണ്ട് അരുളിച്ചെയ്തു. "ഇത് നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരമാണ്. ഇത് വാങ്ങി ഭക്ഷിക്കുവിൻ"

വി. മത്തായിയുടെ സുവിശേഷം 4-ാം അദ്ധ്യായം 1 മുതൽ 11 വരെയുള്ള വാക്യങ്ങൾ 40 ദിനരാത്ര ങ്ങളുടെ ഉപവാസത്തിനുശേഷം പിശാചിനാൽ പരീക്ഷിക്കപ്പെടുന്ന യേശു. വചനം ഇപ്രകാരം പറയുന്നു.

"യേശുവിനു വിശന്നു. പ്രലോഭനകൻ അവനെ സമീപിച്ചു പറഞ്ഞു നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പമാക്കുവാൻ പറയുക". യേശു പ്രതിവചിച്ചു: "മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല ജീവിക്കുന്നത്. ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വചനംകൊണ്ട് കൂടിയാണ്"

സഹോദരരെ, കല്ലിനെ അപ്പമാക്കാതെ-ശരീരത്തെ അപ്പമാക്കി മാറ്റുവാനുള്ള ഒരു കടന്നുപോകലിന്റെ അനുഭവമാണ് ഈ പെസഹാ ഇന്ന് നമുക്ക് തരുന്നത്. പെസഹാ

www.malankaralibrary.com

എന്ന വാക്കിന്റെ അർത്ഥം ശരീരത്തെ അപ്പമായി തന്നവൻ എന്നാണല്ലോ? കല്ലിനെ അപ്പമാക്കാതെ സ്വന്തം ശരീരത്തെ അപ്പമായി തന്നവൻ നമ്മോട് ചോദിക്കുന്ന ഒരു വചനഭാഗം നമ്മൾ കേൾക്കാതെ പോകുന്നുണ്ടോ? എങ്കിൽ തിരുസക്രാരിയിൽ അപ്പത്തിന്റെ രൂപത്തിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോ വി. മത്തായിയുടെ സുവിശേഷം 7-ാം അദ്ധ്യായം 9-ാം വാക്യത്തിലൂടെ നമ്മോട് ചോദിക്കുന്നു: “മകൻ അപ്പം ചോദിച്ചാൽ കല്ല് കൊടുക്കുന്ന ആരെങ്കിലും നിങ്ങളിൽ ഉണ്ടോ?”

ഇതിലൂടെ ഈശോ ഒരു കാര്യം വ്യക്തമാക്കിത്തരുന്നു. “കല്ല്” നിന്റെ ശരീരത്തിന് പുറത്തുള്ള സാധ്യതകളും “അപ്പം” നിന്റെ ശരീരത്തിനുള്ളിലുള്ള സാധ്യതകളെയുമാണ് വ്യക്തമാക്കുന്നത്- ഇതിന്റെയർത്ഥം നിന്റെ പുറത്തുള്ള ബലങ്ങൾ, അത് പണത്തിന്റെയാവാം, സൗന്ദര്യത്തിന്റെയാവാം അധികാരത്തിന്റെയാവാം. അത് ഉപയോഗിച്ച് നിന്റെ അകത്തെ വിശപ്പുകളെ അതായത്- സ്നേഹിക്കപ്പെടുവാനുള്ള ആഗ്രഹം, അംഗീകരിക്കപ്പെടുവാനുള്ള ആഗ്രഹം, മനസ്സിലാക്കപ്പെടുവാനുള്ള ആഗ്രഹം, പരിഗണിക്കപ്പെടുവാനുള്ള ആഗ്രഹം- ഇവ നിനക്ക് ശമിപ്പിക്കാൻ പറ്റുമോ? ജീവിച്ചു പരിചയിച്ച നമ്മൾക്ക് പറയാനാവും ഇല്ല എന്ന്. അപ്പോൾ ഈശോ എത്ര വ്യക്തമായിട്ടാണ് സംസാരിക്കുന്നതെന്ന് നമുക്ക് മനസ്സിലാവും. പണം, സൗന്ദര്യം, അധികാരം, എന്നീ കല്ലുകൾ കൊണ്ട് ശരീരത്തിനകത്തുള്ള വിശപ്പ്- സ്നേഹത്തിന്റെ, അംഗീകാരത്തിന്റെ, മനസ്സിലാക്കപ്പെടുന്നതിന്റെ. ശമിപ്പിക്കുവാൻ സാധിക്കുകയില്ല. മറിച്ച് ദൈവത്തിന്റെ വചനമാണ് ആ വിശപ്പിനെ സൗഖ്യപ്പെടുത്തുന്നതും, ശമിപ്പിക്കുന്നതും. അതിനാൽ ഇനി മുതൽ വചനത്തെ അപ്പമായി കാണുവാൻ നമുക്ക് സാധിക്കണം.

താൽക്കാലിക ആഹ്ലാദങ്ങൾക്കുവേണ്ടി ദൂരക്കാഴ്ചകളില്ലാത്ത ഒന്നിനെയും കരുവാക്കി മാറ്ററുതെന്നാണ് കല്ലിനെ അപ്പമാക്കുവാനുള്ള സാത്താന്റെ പ്രലോഭനത്തെ ചെറുക്കുമ്പോൾ ക്രിസ്തു നമ്മെ പഠിപ്പിക്കുക. ഇതാണ് ഈ നോമ്പിലൂടെ നാം സ്വായത്തമാക്കേണ്ടത്. ക്രിസ്തു നമ്മുടെ പുറത്തെ സാഹചര്യങ്ങളിലേക്കല്ല നോക്കുന്നത്. മറിച്ച് നമ്മുടെ ശരീരത്തിന് അകത്തുള്ള സാധ്യതകളിലേക്കാണ്.

ഓശാന വിളികളുടെ അകമ്പടിയോടെ ജറുസലേമിലേക്കു

www.malankaralibrary.com

രാജകീയ പ്രവേശനം ചെയ്യുന്ന ഈശോ അവിടെ കച്ചവടം നടത്തിക്കൊണ്ടിരുന്നവരെ പുറത്താക്കി എന്നു നാം വായിക്കുന്നു. ഈ നോമ്പ് അവസാനിക്കുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽ അപ്പമായി കരുതുന്ന കല്ലുകളെ പുറത്തു കളയാം. ഈ പെസഹായിൽ ചില ലാഭങ്ങൾ വേണ്ടെന്നുവച്ച് കല്ലിനെ അപ്പമാക്കാതെ ദൈവവചനത്തിൽ ആശ്രയിച്ച് ശരീരത്തെ അപ്പമാക്കി മാറ്റുവാൻ വിളിക്കപ്പെട്ടവരുടെ കടന്നുപോകലാണ്. ഈ വിളി ലഭിച്ചവർ ശരീരത്തെ അപ്പമാക്കി കാത്തിരിക്കുന്നുണ്ട് അനേകർക്ക് വിളമ്പുവാനായി.

വി. മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായം 35 മുതലുള്ള വാക്യങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു.
"എന്തെന്നാൽ എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചു.
ഞാൻ കാരാഗൃഹത്താലായിരുന്നു; നിങ്ങൾ എന്റെയടുത്തുവന്നു. ഈശോ കൂട്ടിച്ചേർത്തു: എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്."
തീർച്ചയായും ഇത് ശരീരത്തെ അപ്പമാക്കി മാറ്റിയ ഒരാൾക്ക് മാത്രമേ സാധിക്കൂ. ഈ നോമ്പുകാലം പ്രിയ സഹോദരാ/ സഹോദരീ കല്ലിനെ അപ്പമാക്കാത്ത- ശരീരത്തെ അപ്പമാക്കി മാറ്റിയ ഒരാളായി നീ മാറിയെന്ന് ഞാൻ വിശ്വസിച്ചോട്ടെ.

(എല്ലാവരും മുട്ടുകുത്തി നിന്നുകൊണ്ട്)

ഗായകസംഘം : *ആരാധനക്കേറ്റം യോഗ്യനായവനേ*
*അനശ്വരനായ തമ്പുരാനേ*
*അങ്ങ സന്നിധിയിൽ അർപ്പിക്കുമീജീവിതം*
*അവിരാമം ഞങ്ങൾ പാടാം*
*ആരാധനാ.... ആരാധനാ.......*
*നാഥാ ആരാധനാ...... (2)*

കാർമ്മികൻ : അനന്തരം പാനപാത്രമെടുത്ത് കൃതജ്ഞതാ സ്ത്രോത്രം ചെയ്തു ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് അവൻ പറഞ്ഞു: "നിങ്ങളെല്ലാവരും ഇതിൽ നിന്നു വാങ്ങി പാനം

www.malankaralibrary.com

ചെയ്യുവിൻ. ഇത് പാപമോചനത്തിനായി അനേകർക്കു വേണ്ടി ചിന്തപ്പെടുന്നതും ഉമ്പടിയുടേതുമായ എന്റെ രക്തം".

സഹോദരരെ, വി. യോഹന്നാന്റെ സുവിശേഷം 2-ാം അദ്ധ്യാ യത്തിൽ നാം കാണുന്നു: "കാനായിലെ വിവാഹവിരുന്ന്". വീഞ്ഞ് തീർന്നുപോയ വിവാഹ വീട്ടിൽ വെള്ളത്തെ വീഞ്ഞാക്കി മാറ്റുന്ന ക്രിസ്തു. ക്രിസ്തുവിന്റെ ആദ്യ അത്ഭുതമാണിത്. വെള്ളത്തെയവൻ സ്പർശിച്ചപ്പോൾ അത് വീഞ്ഞായി മാറി. അവസാനത്തെ അത്ഭുതം നോക്കൂ. നമ്മൾ വായിച്ചു കേട്ടില്ലേ. വീഞ്ഞ് നിറച്ച പാനപാത്ര മെടുത്ത് അവൻ പറഞ്ഞു ഇത് എന്റെ രക്തമാകുന്നു. അതെ, യേശു വീഞ്ഞിനെ തൊട്ടപ്പോൾ അത് അവന്റെ രക്തമായി മാറുന്നു;. തന്റെ സ്നേഹത്തെ ലഹരി ഉള്ള താക്കി നമ്മുടെ ജീവിതങ്ങളെ ആനന്ദമാക്കുവാൻ നമ്മെ യേശു ക്ഷണിക്കുന്നു. നമുക്ക് മുമ്പിൽ അവൻ ബലിയായ് തീരുന്നു.

ആദ്യമായി ഈശോയെ ബലിയാകുവാൻ ക്ഷണിക്കുന്നത് യേശുവിന്റെ അമ്മയായ മറിയം ആണെന്ന് തോന്നുന്നു. കാരണം കാനായിലെ വിവാഹ വീട്ടിൽ വച്ച് അവർക്കു വീഞ്ഞില്ല എന്നു പറയുന്ന അമ്മയോട് എന്റെ സമയം ഇനിയും ആയിട്ടില്ല" എന്നായിരുന്നു ക്രിസ്തുവിന്റെ മറുപടി. എന്നാൽ മറിയം പറഞ്ഞു. പരിചാരകരോട് "അവൻ പറയുന്നതുപോലെ ചെയ്യുക- അതിന്റെ യർത്ഥം ക്രിസ്തു ബലികുഞ്ഞാടാണ് എന്ന്. ലോകത്തിന്റെ പാപങ്ങൾ വഹി ക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.

പ്രിയ മകനെ/മകളെ ഓർക്കുക! അന്യന്റെ വേദന സ്നേഹ പൂർവ്വം ഏറ്റെടുത്തുകൊണ്ട് ഒരമ്മ തന്റെ മകന്റെ ജീവിത ത്തെ അവരുടെ ആനന്ദത്തിനും ആഹ്ലാദത്തിനുമായി ബലി യായി നൽകുന്നു. സഹോദരങ്ങളെ, ഇതാണ് ലളിതമായ ചിന്തയിൽ പറഞ്ഞാൽ വി.കുർബ്ബാന.

പക്ഷെ! നമ്മൾ പലപ്പോഴും ഈ വിരുന്നിന്റെ വീര്യവും, ത്യാഗവും, സഹന ങ്ങളും മനസ്സിലാക്കാതെ ഈ വിരുന്നിൽ നിന്ന് ഒഴിഞ്ഞുമാറി ലോകത്തിന്റെ നേട്ടങ്ങൾക്കുവേണ്ടി പരക്കം പായുന്നു. വി. ലൂക്കായുടെ സുവിശേഷം 14-ാം അദ്ധ്യായം 15 മുതൽ 24 വരെയുള്ള വചനങ്ങളിൽ വിരു ന്നിന്റെ ഉപമയിൽ വിരുന്നിൽ നിന്നൊഴിഞ്ഞുമാറാൻ ഓരോ

www.malankaralibrary.com

രുത്തരും നിരത്തുന്ന കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഒന്നാമൻ പറഞ്ഞു:- "ഞാൻ ഒരു വയൽ വാങ്ങി; അതുപോയി കാണേണ്ടിയിരിക്കുന്നു. രണ്ടാമൻ പറഞ്ഞു:- "ഞാൻ അഞ്ചുജോടി കാളകളെവാങ്ങി; അവയെ പരീക്ഷിച്ചു നോക്കുവാൻ പോകുന്നു. മൂന്നാമൻ പറഞ്ഞു:- "എന്റെ വിവാഹം കഴിഞ്ഞതേയുള്ളൂ; അതിനാൽ എനിക്ക് വരാൻ നിവൃത്തിയില്ല.

ഒത്തിരി ജീവിത വ്യഗ്രതകൾക്കിടയിൽ പലപ്പോഴായി നമ്മളും ഈ വിരുന്നിൽ നിന്ന് ഒഴിവുകഴിവുകൾ പറഞ്ഞ് ഒഴിഞ്ഞുമാറുന്നു. ഈ വി.കുർബ്ബാന അനുഭവത്തിൽ നിന്നും നിങ്ങളും ഞാനും ഒഴിഞ്ഞുമാറുമ്പോൾ വീണ്ടും ആദ്യത്തേതിലേക്ക് നാം മടങ്ങുന്നു. എപ്രകാരം രക്തം വീഞ്ഞായി മാറുന്നു. വീഞ്ഞ് പച്ചവെള്ളമായി മാറുന്നു. ഓരോ. വി.കുർബ്ബാനയും കഴിഞ്ഞ് നീ മടങ്ങുമ്പോൾ സഹോദരാ/ സഹോദരീ അനേകർക്ക് ആനന്ദം പകരുന്ന വീഞ്ഞായി നിനക്ക് മാറുവാൻ സാധിച്ചിട്ടില്ലെങ്കിൽ ബലിയിൽ നിന്ന് നീ എത്രയോ ദൂരത്താണ്.

"എന്റെ ശരീരം യഥാർത്ഥ ഭക്ഷണമാണ്. എന്റെ രക്തം യഥാർത്ഥ പാനീയവും. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു". ഇത് കഠിന വചസ്സുകളാണെന്നു പറഞ്ഞ് അവന്റെ ശിഷ്യഗണത്തിൽ നിന്ന് വളരെയേറെപ്പേർ അവനെ വിട്ടുപോയിയെന്ന് വി. യോഹന്നാന്റെ സുവിശേഷം 6–ാം അദ്ധ്യായം 54 മുതൽ 61 വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നു.

സഹോദരാ/ സഹോദരീ നീയും നിത്യമായി ആവർത്തിക്കപ്പെടുന്ന ഈ വിരുന്നിൽ നിന്ന് ഒഴിഞ്ഞു മാറാറുണ്ടോ? അങ്ങനെയെങ്കിൽ തിരുവോസ്തിരൂപനായ ഈശോയുടെ മുൻപിൽ നമുക്ക് ഒരു തീരുമാനമെടുക്കാം. ഈശോയുടെ സ്നേഹത്തിന്റെ പൂർണ്ണാവിഷ്ക്കാരമായ വി.കുർബ്ബാനയിൽ നിരന്തരം പങ്കുകൊള്ളുവാനും വി.ബലിയിലൂടെ ലഭ്യമാക്കുന്ന സൗജന്യ രക്ഷ നമുക്ക് അനുഭവവേദ്യമാക്കുവാനും ശ്രമിക്കാം.

ഗായകസംഘം : *ഒത്തിരി ഒത്തിരി സ്നേഹിച്ചോരെല്ലാം*
*ഒത്തിരി നൊമ്പരം തന്നീടുമ്പോൾ*

www.malankaralibrary.com

*നെഞ്ചു തകർന്നു കരയുമ്പോഴെന്നെ*
*നെഞ്ചോടു ചേർക്കുമെന്നേശുനാഥാ*
*ഓ എന്റെ സ്നേഹമേ...... വന്നു നിറഞ്ഞീടണേ(2)*

(എല്ലാവരും ഇരിക്കുന്നു)

**വചനവായന**

കാർമ്മികൻ : വി. ലൂക്കാ 24:13-35

"അവർ എമ്മാവൂസ് ഗ്രാമത്തോടടുത്തുള്ള യേശുവാകട്ടെ യാത്ര തുടരുകയാണെന്ന് ഭാവിച്ചു. ശിഷ്യന്മാർ അവനെ നിർബന്ധിച്ചുകൊണ്ടു പറഞ്ഞു: "ഞങ്ങളോടുകൂടെ താമസിക്കുക. നേരം വൈകുന്നു. പകൽ അസ്തമിക്കാറായി. അവൻ അവരോടുകൂടെ താമസിക്കുവാൻ കയറി. അവരോടൊപ്പം ഭക്ഷണത്തിനിരുന്നപ്പോൾ അവൻ അപ്പം എടുത്ത് ആശീർവദിച്ച് മുറിച്ച് അവർക്ക് കൊടുത്തു. അപ്പോൾ അവരുടെ കണ്ണ് തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു. പക്ഷെ അവൻ അവരുടെ മുൻപിൽ നിന്ന് അപ്രത്യക്ഷനായി"

**വിചിന്തനം** : വി. കുർബാനയെക്കുറിച്ച് പറയുമ്പോൾ ദൈവത്തിന് പുരോഹിത ശുശ്രൂഷ ചെയ്യുന്ന വൈദികരെക്കുറിച്ച് പറയാതെ വയ്യ. അപ്രത്യക്ഷനാകുന്ന ഈ ക്രിസ്തുവിന്റെ പ്രതിരൂപമായി ഞാൻ ഇന്ന് ഈ അൾത്താരയിൽ ഓരോ വൈദികനെയും കാണുന്നു. കാരണം ഇന്ന് വി. കുർബാനയിലൂടെ മുറിക്കപ്പെടുന്ന അപ്പത്തിലൂടെ വിശ്വാസികളായ നമ്മുടെ കണ്ണ് തുറപ്പിക്കുന്നത് ഇത്ര നന്മയുള്ള ഇടയന്മാരാണ്. സെഹിയോൻ ഊട്ടുശാലയിലെ ക്രിസ്തുവിന്റെ സ്നേഹം അതേ ചൂടോടെ നഷ്ടപ്പെടുത്താതെ വെച്ചുവിളമ്പുന്ന ദൈവത്തിന്റെ പ്രതിപുരുഷന്മാർ. ഇന്ന് ദൈവത്തിന്റെയും മനുഷ്യരുടേയും ഇടയിൽ നിരന്തരം വിഭജിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരുവനാണ് ഈ വൈദികർ. ദൈവത്തെ പ്രതി മനുഷ്യരോട് ചേർന്നു നിൽക്കുന്നവർ. എന്നാൽ മനുഷ്യരായ നമ്മൾ ഇവരെ വേണ്ടത്ര ഗൗരവത്തിലെടുത്തില്ലെന്നോർത്ത് ഞാൻ ഖേദിക്കുന്നു. പുരോഹിതർ അർപ്പകനാണ്. എന്നാൽ അർപ്പകൻ എന്ന് കരുതപ്പെടുന്ന ഇവർ യഥാർത്ഥത്തിൽ ബലി കുഞ്ഞാടാണ്. കുമ്പസാരക്കൂട്ടിൽ നിന്നും പാപമോചനം നൽകി, ബലിവേദിയിലേക്ക് അനേകരുടെ പാപഭാരവുമായി നടന്നു കയറുന്ന വൈദികനിൽ ഞാൻ ഒരു ക്രിസ്തുവിനെ കാണുന്നു.

www.malankaralibrary.com

ഓരോ ദിവസവും എത്രയെത്ര സ്ഥലങ്ങളിൽ അവർ ബലിയായിത്തീരുന്നു- വൈദികന്റെ ഏകാന്തത അവന്റെ ഒറ്റപ്പെടുലുകൾ- നമ്മളിൽ നിന്നുള്ള തിരസ്ക്കരണം - അനാവശ്യമായ തെറ്റിദ്ധാരണകൾ, ഇടവക ജനങ്ങളെ വൈദികൻ കുടുംബാംഗങ്ങളായി കാണുമ്പോൾ നാം വൈദികനെ ഒരു കുടുംബാഗമായി കാണാതെ പോകുന്ന അവസ്ഥ. ദൈവമേ അൾത്താരയി ലർപ്പിക്കപ്പെടുന്ന ബലി കൂടാതെ ഓരോ നിമിഷവും എത്രയോ സ്ഥലങ്ങളിൽ അവൻ തന്നെത്തന്നെ ബലിയായ് നൽകുന്നു. അതുകൊണ്ടാവാം മറ്റാർക്കും ലഭിക്കാത്ത ചില വെളിപാടുകൾ (ദൈവവിളി) അവനുമാത്രമായി ലഭിക്കുന്നത്.

ജോൺ ഓഫ് ആർക്ക് എന്ന വനിതാ പട്ടാളക്കാരിയോട് രാജാവ് കലഹിച്ചു. "ദൈവം നിന്നോട് മാത്രം സംസാരിക്കുന്നതെങ്ങനെ? അവൾ ശാന്തയായി രാജാവിനോട് പറഞ്ഞു:- "രാജാവേ ദൈവം അങ്ങയോട് സംസാരിക്കുന്നുണ്ട്. എന്നാൽ അങ്ങത് കേൾക്കുന്നില്ല. കാരണം അങ്ങേയ്ക്കു പലതും നഷ്ടമാക്കേണ്ടി വരും. അതുകൊണ്ട് കേൾക്കാതിരിക്കുന്നതാണ് ഭേദമെന്ന് അങ്ങ് കരുതുന്നു".

ഇന്ന് ഞാൻ വിശ്വസിക്കുന്നു; ഓരോ വൈദികനും പലതും നഷ്ടപ്പെടുത്തിക്കൊണ്ട് ദൈവത്തെ കേൾക്കുന്നവരാണെന്ന്. ഇപ്പോൾ ഞാനും യാക്കോബിന്റെ സ്വപ്നം- യാഥാർത്ഥ്യബോധത്തോടെ നേരിട്ട് അനുഭവിക്കാൻ ആഗ്രഹിക്കുന്നു. സ്വർഗ്ഗവും ഭൂമിയുമായി ബന്ധിപ്പിക്കുന്ന ആ ഗോവണി- ഈ ഇടയനല്ലാതെ മറ്റാരാണ്? ഇനി മുതൽ വൈദികാ എന്റെ ജീവിതത്തിൽ എല്ലാ നേട്ടങ്ങളും വിജയങ്ങളും ആനന്ദങ്ങളും നിന്റേതും കൂടിയാണ്- കാരണം. അങ്ങ് എനിക്കായി ബലി കഴിച്ച് അവിടുത്തെ ഇഷ്ടങ്ങളും സ്വപ്നങ്ങളും, എന്റെ നന്മനിറഞ്ഞ ഒരു വിശുദ്ധജീവിതത്തിന് വേണ്ടിയാണെന്നുള്ള തിരിച്ചറിവ് ഹെബ്രായ ലേഖനത്തിൽ 3-ാ അധ്യായം 3-ാം വാക്യം ഇപ്രകാരം പറയുന്നു: "മോശ ദൈവത്തിന്റെ ഭവനത്തിൽ വിശ്വസ്തനായതുപോലെ അവനും തന്നെ നിയോഗിച്ചവനോട് വിശ്വസ്തനായിരുന്നു"

ദൈവസ്നേഹത്തിന്റെ ശുശ്രൂഷകനാണ് ഓരോ വൈദികനും. ഹൃദയത്തോട് ചേർത്തുപിടിച്ച് എന്തിനെയോ വേണ്ടെന്നു വയ്ക്കുവാനുള്ള സ്നേഹത്തിന്റെ ബലമാണ് ഓരോ വൈദികനും വി.കുർബാനയിലൂടെ സ്വായത്തമാക്കുന്നത്.

www.malankaralibrary.com

അങ്ങനെ തനിക്ക് ലഭ്യമായ ദൈവസ്നേഹവും സൗഖ്യവും അവിടുന്ന് അൾത്താരയിൽ നിന്ന് തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസിസമൂഹത്തിന് നൽകി ആ സമൂഹത്തെ അനുഗ്രഹമാക്കി മാറ്റുന്ന ദൈവത്തിനും മനുഷ്യനുമിടയിൽ പാലം പണിയുന്നവൻ എന്നപുരോഹിത വാക്കിന്റെ അർത്ഥം അന്വർത്ഥമാക്കുന്നു.

**വി. യോഹന്നാൻ 21:1–14**

"ഉഷസ്സായപ്പോൾ യേശു കടൽക്കരയിൽ വന്നു നിന്നു. എന്നാൽ അത് യേശുവാണെന്ന് ശിഷ്യന്മാർ അറിഞ്ഞില്ല. യേശു അവരോട് ചോദിച്ചു: "കുഞ്ഞുങ്ങളെ നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ? ഇല്ല എന്ന് അവർ ഉത്തരം പറഞ്ഞു. യേശു പറഞ്ഞു: വള്ളത്തിന്റെ വലത് വശത്ത് വലയിടുക. അപ്പോൾ നിങ്ങൾക്ക് കിട്ടും. അവർ വലയിട്ടു. അപ്പോൾ വലയിലകപ്പെട്ട മത്സ്യത്തിന്റെ ആധിക്യം നിമിത്തം അത് വലിച്ചു കയറ്റുവാൻ അവർക്കു കഴിഞ്ഞില്ല. പിന്നീട് നാം വചനത്തിൽ കാണുന്നു. കരയ്ക്കിറങ്ങിയപ്പോൾ തീ കൂട്ടിയിരിക്കുന്നതും അതിൽ മീൻ വച്ചിരിക്കുന്നതും അപ്പവും അവർ കണ്ടു. യേശു പറഞ്ഞു: നിങ്ങൾ ഇപ്പോൾ പിടിച്ച മത്സ്യത്തിൽ കുറച്ചു കൊണ്ടുവരുവിൻ.

യേശു പറഞ്ഞു: വന്നു പ്രാതൽ കഴിക്കുവിൻ ശിഷ്യന്മാരിലാരും അവനോട് നീ ആരാണെന്ന് ചോദിക്കുവാൻ മുതിർന്നില്ല. അത് കർത്താവാണെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. യേശു വന്ന് അപ്പമെടുത്തു അവർക്കു കൊടുത്തു; അതുപോലെ തന്നെ മത്സ്യവും.

**വിചിന്തനം** : സഹോദരരെ, ശിഷ്യർ തങ്ങളുടെ പഴയ വഴികളിലേക്ക് മടങ്ങുന്നു. ഉപേക്ഷിക്കപ്പെട്ട തീരങ്ങളിലേക്ക്, ഉപേക്ഷിക്കപ്പെട്ട വഞ്ചികളിലേക്ക്. എന്നാൽ പെസഹാ കടന്നു പോകലാണ്– പഴയതിൽ നിന്നും പുതിയതിലേക്കുള്ള കടന്നുപോകൽ. ആ അവസ്ഥയിലേക്കു തന്റെ പ്രിയപ്പെട്ട ശിഷ്യരെ തിരികെ കൊണ്ടുവരുവാൻ ഉത്ഥിതനായ ക്രിസ്തു വീണ്ടും കടൽക്കരയിലെത്തി. മനുഷ്യരെ പിടിക്കുവാൻ തയ്യാറായവർ ഇതാ വീണ്ടും മത്സ്യത്തെ പിടിക്കുവാൻ ഒരുങ്ങുന്നു. അവരുടെ പാഴായിവക്കുന്ന അദ്ധ്വാനത്തിലേക്ക് അവൻ വീണ്ടും പ്രവേശിക്കുന്നു.

ക്രിസ്തു ചോദിക്കുന്നുണ്ട്: കുഞ്ഞുങ്ങളേ നിങ്ങൾക്ക് വല്ലതും കിട്ടിയോ? ഇതിനുള്ളിൽ ക്രിസ്തുവിന്റെ ഒരന്വേ

www.malankaralibrary.com

ഷണമുണ്ട്. താനില്ലാതെയുള്ള തന്റെ ശിഷ്യരുടെ അന്വേഷണങ്ങൾക്ക് ഫലം വല്ലതുമുണ്ടോ? കർത്താവിനെ കൂടെ കൂട്ടാതെയുള്ള പ്രവർത്തനം നിഷ്ഫലമാണ്. സങ്കീർത്തനം 127ൽ നമ്മൾ കാണുന്നു. കർത്താവ് ഭവനം പണിതില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണെന്ന്. ക്രിസ്തുവിന്റെ വാക്കുകേട്ട് വലത്വശത്ത് വലയെറിയുന്ന ശിഷ്യർ- അപ്പോൾ നമ്മൾ വായിച്ചുകേൾക്കുന്നു. വല നിറയെ മത്സ്യങ്ങളെക്കൊണ്ട് നിറഞ്ഞുവെന്ന്. ഇങ്ങനെയാണ് നമ്മളുടെ ജീവിതവും കർത്താവിന്റെ വാക്കുകൾ അനുസരിക്കുമ്പോൾ നിറയപ്പെടുന്നതായി മാറും. യേശു പറയുന്നുണ്ടല്ലോ, ഞാൻ വന്നിരിക്കുന്നത് ജീവൻ നൽകുവാനും ജീവൻ സമൃദ്ധമായി നൽകുവാനും വേണ്ടിയാണ്.

നമ്മുടെ ജീവിതം അനുഗ്രഹങ്ങളാൽ നിറയപ്പെടുന്ന സമയങ്ങളിൽ നാം തിരിച്ചറിയണം; അതിനു പിന്നിൽ ക്രിസ്തുവാണെന്ന്. അല്ലാതെ സ്വന്തം കഴിവിൽ അഹങ്കരിക്കരുത്.

കുരിശ് മരണത്തിന് മുമ്പായി ക്രിസ്തു അന്ത്യഅത്താഴം വിളമ്പി. ഉയിർപ്പിനുശേഷം ഓരോ പ്രഭാതത്തിലും ഓരോ പ്രാതൽ ഒരുക്കി അവൻ നമുക്കായ് കാത്തിരിക്കുന്നു. ഈ പ്രഭാത ഭക്ഷണത്തിൽ പങ്കുചേരുന്നവരോട് അവൻ ചോദിക്കുന്നത് ഇത്രയും മാത്രം "നിങ്ങളുടെ കൈവശം ഇപ്പോൾ പിടിച്ചത് വല്ലതും ഉണ്ടോ? ഉണ്ടെങ്കിൽ അത് നീ അവന്റെ കൈകളിൽ ഏൽപ്പിച്ച് അവന്റെ സ്നേഹത്തിനായി നിന്നെ തന്നെ സമർപ്പിക്കുക. കർത്താവിന്റെ സ്നേഹം ഓരോ പ്രഭാതത്തിലും പുതിയതാണ് . തന്റെ പ്രിയപ്പെട്ടവർക്കായി അൾത്താരയിൽ അവൻ കാത്ത് നിൽക്കുന്നു.

ഗായകസംഘം : *ഇത്രനാൾ ഞാൻ മറന്ന സത്യമാണ് ദൈവം*
*ഇത്രനാൾ ഞാൻ മറന്ന സ്നേഹമാണ് ദൈവം (2)*
*ഇത്രനാൾ ഞാൻ മറന്ന വചനമാണ് ദൈവം*
*എത്ര വൈകി ദൈവമേ നിന്നെയറിയുവാൻ (2)*

(എല്ലാവരും മുട്ടുകുത്തുന്നു)

ആശീർവാദം

കാർമ്മി : പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന്

സമൂഹം : എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.

**ഫാ. ജോഷി കളപ്പറമ്പത്ത്**

www.malankaralibrary.com

March 2012 / Price Rs. 25 Karunikan RNI No. KERMAL/2007/19623. Postal Reg. No.KL/ALY/0010/2010-12

*Printed & Published by Fr. Jacob Naluparayil, MCBS House, Perumanoor P.O.-682 015, Ernakulam.*
*Printed at St.Joseph's Orphanage Press, Changanacherry, Kerala - 686 101, Editor : Fr. Jacob Naluparayil*